# ഇടവക ദൂതൻ

(Private Circulation Only)

2017 January / February Vol. 36 Issue: 1




## ST. STEPHEN'S C.S.I. CHURCH

Vicar. REV. JOSEPH THOMAS
MUNDIAPPALLY P.O., THIRUVALLA - 689 581
Phone: 0469-2693232
email : csichurchmundiappally@gmail.com Website: www.csimdply.org

**കുറിവാക്യം 2017**

## നീതിയുടെ
## മാർഗ്ഗത്തിൽ ജീവനുണ്ട്

സദൃശ്യവാക്യങ്ങൾ 12:28

*In the path of*
*righteousness there is life*

Proverbs 12:28

# ഇടവകപ്പട്ടക്കാരന്റെ സന്ദേശം



ക്രിസ്തുയേശുവിൽ സ്നേഹവന്ദനം...

ശുഭപ്രതീക്ഷയോടും, മധുരസ്വപ്നങ്ങളോടും കൂടെ നാം പുതുവർഷത്തെ സ്വാഗതം ചെയ്യുന്നു. പാശ്ചാത്യ പഞ്ചാംഗം അനുസരിച്ച് പുതുവർഷം ജനുവരിയിൽ ആരംഭിക്കുന്നു. ജനുവരി എന്ന പേരിന്റെ ഉത്ഭവം ജാനസ് എന്ന റോമൻ ദേവന്റെ നാമത്തിൽ നിന്നാണ്. തുടക്കത്തിന്റെ ദൈവമെന്നാണ് ഈ വാക്കിന്റെ അർത്ഥം. ഈ ദേവനെ രണ്ട് തലകളും നാല് കണ്ണുകളുമുള്ളവനായി സങ്കല്പിക്കപ്പെടുന്നു. അതനുസരിച്ച് രണ്ട് കണ്ണുകൾ പിന്നിലേക്കും രണ്ട് കണ്ണുകൾ മുന്നിലേക്കും നോക്കുന്നവയാണ്. വളരെ അർത്ഥപൂർണ്ണമായ സങ്കല്പമാണിത്. പുതുവർഷം ആരംഭിക്കുമ്പോൾ നമ്മുടെ മുഖം പിന്നിലേക്കും, അതോടൊപ്പം മുന്നിലേക്കും തിരിയേണ്ടതാണ്. മുഖം പിന്നിലേക്ക് തിരിക്കുന്നതും അവിടേക്ക് ദൃഷ്ടി പതിപ്പിക്കുന്നതും കടന്നുപോയ വർഷത്തിലെ അനുഭവങ്ങൾ വിലയിരുത്തുവാനായിരിക്കണം. ജീവിതത്തിലെ ലാഭനഷ്ടങ്ങൾ കണ്ടുപിടിക്കുന്നത് ജീവിതപുരോഗതിക്ക് അവശ്യം വേണ്ട കാര്യമാണ്. തിരിഞ്ഞുനോക്കുമ്പോൾ പരിശോധിക്കപ്പെടേണ്ട ഒന്ന് ലഭിച്ച അനുഗ്രഹങ്ങളും അനുഭവിച്ച ദൈവകൃപകളുമാണ്. ശാരീരികവും, മാനസികവുമായി ലഭിച്ച അനുഗ്രഹങ്ങൾ, പ്രതീക്ഷയ്ക്ക് അപ്പുറമായി വന്നുചേർന്ന നന്മകൾ ഇവയൊക്കെ ഓർക്കേണം. മറ്റൊന്ന് നേരിട്ട പരാജയങ്ങളെ കണ്ടുപിടിക്കുക. ജീവിതാനുഭവങ്ങളെ വിലയിരുത്തുമ്പോൾ ഏതെല്ലാം രംഗങ്ങളിലാണ് പരാജയം സംഭവിച്ചതെന്ന് കണ്ടുപിടിക്കേണം. ആത്മാർത്ഥവും സത്യസന്ധവുമായി ആത്മശോധന ചെയ്യപ്പെടേണം. വ്യക്തിബന്ധങ്ങളിലും സ്വകാര്യജീവിതത്തിലും വന്നുപോയ വീഴ്ചകൾ, പാളിച്ചകൾ ഇവ നാം തിരിച്ചറിയേണം. തോൽവിയിൽ നിന്നും പാഠങ്ങൾ പഠിക്കാൻ ശ്രമിക്കേണം.

പുതിയ വർഷത്തിലേക്ക് പ്രവേശിപ്പിക്കപ്പെട്ട നമുക്ക് കരണീയം ദൈവവഴികൾ അറിയുക എന്നതാണ്. “അവൻ തന്റെ വഴികളെ മോശയെയും തന്റെ പ്രവൃത്തികളെ യിസ്രായേൽ മക്കളെയും അറിയിച്ചു” (സങ്കീ. 103:7). മോശയും ദൈവവും തമ്മിൽ വളരെ അടുത്ത വ്യക്തി

ബന്ധം ഉണ്ടായിരുന്നു. ദൈവത്തോടൊപ്പം സമയം ചെലവഴിക്കുക മോശയ്ക്ക് ഒരു അനുഭൂതിയായിരുന്നു. സ്നേഹിതന്മാരെപ്പോലെ മോശെയും ദൈവവും സംസാരിച്ചിരുന്നതായി പുറപ്പാട് 33:11 ൽ കാണുന്നു. മോശയെപ്പോലെ ദൈവത്തോട് അടുത്ത ബന്ധം സ്ഥാപിച്ചിരുന്നവരായി അബ്രഹാം, ഹാനോക്ക്, ദാവീദ് എന്നിവരെയും തിരുവചനത്തിൽ കാണാം. ഇവരെല്ലാം ദൈവത്തിന്റെ പ്രത്യേകമായ സ്നേഹത്തിനും, കരുണയ്ക്കും പാത്രമായിരുന്നു. വഴികളും, പ്രവൃത്തികളും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഒരാളുടെ വഴികളെപ്പറ്റി അഥവാ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റി അറിയണമെങ്കിൽ അയാളോട് വളരെ അടുപ്പമുണ്ടായിരിക്കണം. എന്നാൽ അയാളുടെ പ്രവൃത്തികൾ ആർക്കും പുറമെ നിന്ന് വീക്ഷിച്ച് ഗ്രഹിക്കാവുന്നതേയുള്ളു. ദൈവത്തോടുകൂടെ വസിക്കുകയും, കൂട്ടായ്മ ആചരിക്കുന്നവർക്കു മാത്രമെ അവന്റെ വഴികൾ മനസ്സിലാവുകയുള്ളു. നമ്മെക്കുറിച്ചുള്ള ദൈവ ഉദ്ദേശ്യം മനസ്സിലാക്കണമെങ്കിൽ അവന്റെ വഴികൾ അറിയേണ്ടതുണ്ട്. ഒരു പ്രതിസന്ധിഘട്ടത്തിൽ മോശ പ്രാർത്ഥിച്ചത് "എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ" (പുറ. 33) എന്നാണ്. പ്രതിസന്ധിയെ തരണം ചെയ്യുന്നതിന് ദൈവം ഒരു അത്ഭുതം പ്രവർത്തിച്ചു കാണുന്നതിലുപരി മോശെ ആഗ്രഹിച്ചത് അതിന്മേലുള്ള ദൈവ ഉദ്ദേശം അറിയുവാനാണ്. എന്നാൽ യിസ്രായേൽ മക്കൾ ദൈവത്തിന്റെ പ്രവൃത്തി അറിയുന്നതിലും കാണുന്നതിലുമാണ് മുൻതൂക്കം കൊടുത്തിരുന്നത്. ദൈവീക അനുഗ്രഹം കാണുന്നതിലുപരി അവന്റെ വഴികൾ അറിയുന്നവരാകേണം. ദൈവീക വഴികൾ അറിയുകവഴി ദൈവത്തെയും അടുത്തറിയാൻ കഴിയും. കേവലം അന്യന്മാരെപ്പോലെ പുറമെ നിന്ന് നോക്കി പ്രവൃത്തി ഗ്രഹിക്കുന്നതിനേക്കാൾ വിശ്വാസിക്ക് അഭികാമ്യം "ദൈവീകവഴികൾ മനസ്സിലാക്കുക" എന്നതുതന്നെയാണ്. ആയതിനാൽ പുതുവർഷത്തിൽ ദൈവിക വഴികൾ ഗ്രഹിച്ച് വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ആർജ്ജിക്കാൻ നമുക്ക് പലതുമുണ്ടാവണം. നമ്മുടെ പ്രയാണത്തിന് ഏകാഗ്രതയും, സ്ഥിരോത്സാഹവും, ലക്ഷ്യവും ഉണ്ടാകാൻ ദൈവം സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

**ജോസഫ് അച്ചൻ**

# വാർത്തകളും കുറിപ്പുകളും

**1. വിശുദ്ധ സ്നാനം**

| പേര് | വീട്ടുപേര് | ജനന തീയതി | സ്നാനതീയതി |
|---|---|---|---|
| ലിയാന സൂസൻ ജോർജ്ജ് | കൊച്ചുതുണ്ടിയിൽ | 21-03-2016 | 14-11-2016 |
| ഫിലിപ്പ് ഉമ്മൻ ലാൽജി | ഈട്ടിയ്ക്കൽ | 23.08.2016 | 28.12.2016 |

**വിവാഹം**

ഇലഞ്ഞിമൂട്ടിൽ ചെറിയാൻ യോഹന്നാന്റെയും പരേതയായ മറിയാമ്മ ചെറിയാന്റെയും മകൻ മോൻസി ചെറിയാനും കരുവാറ്റ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സഭയിൽ കണ്ടത്തിൽ ബെന്നി ജോർജ്ജിന്റെയും ഏലിയാമ്മ ജോർജ്ജിന്റെയും മകൾ ബെറ്റി ജോർജ്ജും തമ്മിൽ വിവാഹിതരായി. നവദമ്പതികളെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ചരമം**

ഇ.റ്റി. തോമസ് (82) ഇലവുങ്കമലയിൽ 19.12.2016 ൽ നിര്യാതനായി. പരേതൻ സഭയ്ക്കു നല്കിയ എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നു. വേർപാടിന്റെ ദുഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

**ആദ്യഫല ശുശ്രൂഷ**

2016 ലെ ആദ്യഫല ശുശ്രൂഷ ഡിസംബർ 18-ാം തീയതി ഭംഗിയായി നടത്തപ്പെട്ടു.

**ക്രിസ്തുമസ് കരോൾ**

2016 ലെ ക്രിസ്തുമസ് കരോൾ ഡിസംബർ മാസം 24-ാം തീയതി 7 pm ന് നടത്തപ്പെട്ടു. നമ്മുടെ സഭയിൽ നിന്നും സമീപപ്രദേശങ്ങളിൽ നിന്നും ധാരാളം ആളുകൾ ഈ ശുശ്രൂഷകളിൽ വന്ന സംബന്ധിച്ചു. ഗാനങ്ങൾ ആലപിച്ച ഗായകസംഘാംഗങ്ങളോടും അവരെ പരിശീലിപ്പിച്ചവരോടുമുള്ള സഭയുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

ക്രിസ്തുമസ്ദിന ശുശ്രൂഷയും പള്ളിപ്രതിഷ്ഠാദിന ശുശ്രൂഷയും പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## 2. W.M.A

തിരുവല്ല ജില്ല, W.M.A മീറ്റിംഗ് കുറ്റപ്പുഴ സി.എസ്.ഐ പള്ളിയിൽ വെച്ച് 2017 ജനുവരി 14–ാം തീയതി രാവിലെ 10.00 മണി മുതൽ നടത്തപ്പെടുന്നു.

## 3. W.M. A കലാമേള

ജില്ലാ W.M.A കലാമേള ഫെബ്രുവരി 11–ാം തീയതി ശനിയാഴ്ച നമ്മുടെ സഭയിൽവെച്ച് രാവിലെ മുതൽ നടത്തപ്പെടുന്നു. നമ്മുടെ യൂണിറ്റിലെ അംഗങ്ങൾ പരമാവധി മത്സര ഇനങ്ങളിൽ പങ്കെടുക്കുവാൻ ഉത്സാഹിക്കണം. പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## 4. മഹായിടവക കൺവൻഷൻ

മദ്ധ്യകേരള മഹായിടവക കൺവൻഷൻ 2017 ജനുവരി 22–29 വരെ കോട്ടയം ബേക്കർ സ്കൂൾ മൈതാനത്ത് വച്ച് നടത്തപ്പെടുന്നു. ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർഥിക്കുകയും, സാധ്യമാകുന്ന ദിനങ്ങളിൽ പങ്കെടുക്കുവാൻ ഉത്സാഹിക്കുകയും ചെയ്യേണമേ.

## 5. ഇടവക കൺവൻഷൻ

നമ്മുടെ സഭയുടെ കൺവൻഷൻ യോഗങ്ങൾ 2017 ഫെബ്രുവരി 3,4,5 തീയതികളിൽ നടത്തപ്പെടുന്നതാണ്. റവ. ജോസഫ് സാമുവേൽ (കെ.യു.റ്റി സെമിനാരി, കണ്ണംമൂല) മുഖ്യ പ്രസംഗകനായി എത്തിച്ചേരുന്നതാണ്. വൈകിട്ട് 6.30 മണിക്ക് ഗാനശുശ്രൂഷയോടെ യോഗങ്ങൾ ആരംഭിച്ച് 8.30 മണിക്ക് അവസാനിക്കുന്നതാണ്. ഏവരുടെയും പ്രാർഥനയെ പ്രതീക്ഷിക്കുന്നു.

## കുടുംബഞായർ

നമ്മുടെ കുടുംബ ഞായർ ആചരണം 2017 ഫെബ്രുവരി 5–ാം തീയതി നടത്തപ്പെടുന്നതാണ്. റവ. ജോസഫ് സാമുവേൽ മുഖ്യ അതിഥിയായി യോഗത്തിൽ പങ്കെടുത്ത് വചനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. എല്ലാ കുടുംബാംഗങ്ങളുടെയും സജീവ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

## ദ്വിശതാബ്ദി

മഹായിടവക ദ്വിശതാബ്ദി സമാപന സമ്മേളനം നവംബർ 12–ാം തീയതി കോട്ടയത്ത് നടത്തപ്പെട്ടു. ഈ അനുഗ്രഹീത ശുശ്രൂഷയിൽ നമ്മുടെ സഭയിൽ നിന്ന് നിരവധി ആളുകൾ പങ്കെടുത്തു. സഹകരിച്ച, പ്രാർഥിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് സ്പെഷ്യൽ ഗാനം പാടാൻ അവസരം ലഭിച്ച ഗായകസംഘത്തിന് അനുമോദനം അറിയിക്കുന്നു.

# ഡിജിറ്റൽ ലോകത്തിലേക്ക് കയറുമ്പോൾ...

**സാജൻ പോൾ**

രാജ്യത്തിന്റെ സാമ്പത്തികമേഖലയിൽ നേരിട്ട അപ്രതീക്ഷിത ആഘാതത്തിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല. ഓർക്കാപ്പുറത്തുള്ള കറൻസി മരവിപ്പിക്കലിലൂടെ താറുമാറായ ജീവിതസാഹചര്യങ്ങൾ ശരിപ്പെടുത്തുവാൻ എല്ലാവരും ഏറെ തത്രപ്പെടുകയാണ്. എന്നാൽ വീണ്ടും സാമ്പത്തിക പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിക്കുമെന്ന വാർത്തകൾ ജനത്തെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.

ബയോമെട്രിക് വിവരശേഖരണത്തിൽകൂടി ഓരോ ഭാരതീയ പൗരനും നൽകപ്പെട്ട നമ്പരുകൾ (ആധാർ) ഡിജിറ്റൽ ഭാരതത്തിന്റെ നിർമ്മിതിക്കായി സമസ്ത മേഖലകളിലും ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. നാം അറിയാതെതന്നെ നമ്മുടെ ഓരോ വിവരങ്ങളും നമ്മുടെ ആധാര നമ്പരിനു മുമ്പിൽ വന്നെത്തിക്കൊണ്ടിരിക്കുന്നു. ബൈബിളിലെ വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മൃഗത്തിന്റെ സംഖ്യയായ മനുഷ്യന്റെ സംഖ്യ 666-ന്റെ പ്രയോഗവും ഇന്ന് വ്യാപകമായിരിക്കുകയാണ്. ചില രാജ്യങ്ങളിൽ മൈക്രോചിപ്പ് മനുഷ്യശരീരങ്ങളിൽ വെച്ചുപിടിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു. എല്ലാറ്റിന്റേയും സാരം: 'ഒരു ഡിജിറ്റൽ' ലോകം എന്നതാണ്. ലോകചരിത്രത്തിലെ അതിപ്രധാനമായ ദിനങ്ങൾക്കു നാമും സാക്ഷികളാവുകയാണ്.

നൂതന സാങ്കേതികവിദ്യകൾ നിറഞ്ഞ ഡിജിറ്റൽ ലോകം മനുഷ്യസങ്കല്പങ്ങൾ അതിശീഘ്രത്തിലാക്കിയാലും മനുഷ്യമനസ്സിനു മാറ്റം വരുത്തുവാൻ അതിനൊന്നും കഴിയാതെപോകുന്നു. ഡിജിറ്റൽ ഭാരതവും ഡിജിറ്റൽ ലോകവും വന്നാലും മനുഷ്യന്റെ അന്തരംഗത്തിനു മാറ്റം വന്നില്ലെങ്കിൽ എല്ലാം ശൂന്യം. ലോകം ഉണരുമ്പോൾ നമ്മുടെ ഉള്ളത്തിനും വേണം ഒരുണർവ്വ്. "ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക" എന്നാണ് 'ജീവനുള്ളവൻ എന്നു പേർ ഉണ്ടെങ്കിലും മരിച്ച അവസ്ഥയിൽ കഴിയുന്ന' സർദ്ദീസ് സഭയെ കർത്താവ് പ്രബോധിപ്പിക്കുന്നത് (വെളിപ്പാട് 3:2). ഡിജിറ്റൽ ലോകത്തിലെ പാവക്കുട്ടികളായി നാം മാറ്റപ്പെടാതിരിക്കണമെങ്കിൽ നമ്മുടെ അന്തരാത്മാവിൽ ഒരുണർവ്വ് ഉണ്ടായേ മതിയാകൂ. ഏതൊക്കെ മേഖലകളിലാണ് നാം ഉണരേണ്ടത്?

**1. പ്രാർത്ഥനയ്ക്കായി നാം ഉണരേണം**

"സ്കോട്ട്ലാൻഡിലെ എല്ലാ സൈന്യത്തേക്കാളും ഞാൻ കൂടുതൽ ഭയപ്പെടുന്നത് ജോൺ നോക്സിന്റെ പ്രാർഥനയെയാണ്" എന്നായിരുന്നു മേരി രാജ്ഞി വിശേഷിപ്പിച്ചത്. മിഷനറി വീരൻ ജോൺ നോക്സിന്റെ പ്രാർഥന അത്രമാത്രം ശക്തിയേറിയതാണെന്ന് ഭരണാധികാരികൾപോലും മനസിലാക്കിയിരുന്നു. ജോൺ കാൽവിൻ എന്ന ദൈവഭൃത്യൻ ജനീവ പട്ടണത്തിലെ ജനങ്ങളിൽ നല്ലൊരു പങ്കും മാനസാന്തരപ്പെടുംവരെ ഉപവസിച്ചു പ്രാർഥിച്ചു. ഒരു പ്രാർഥനാ സഹകാരി എങ്കിലും ഇല്ലാതിരുന്ന ഒരു ഭവനം പോലും അന്നു ജനീവയിൽ ഇല്ലായിരുന്നു. പ്രാർഥനയ്ക്കായി നാം ഉണരേണം. ഡിജിറ്റൽ ലോകത്തിൽ എന്തെല്ലാം ഭവിച്ചാലും പ്രാർഥിക്കുന്ന ദൈവപൈതൽ അടിപതറാതെ മുന്നേറുക തന്നെ ചെയ്യും. എബ്രായർ അദ്ധ്യായം 11 വായിച്ചു നോക്കൂ.... എത്രയെത്ര പ്രാർഥനാവീരന്മാർ. വർഷങ്ങൾക്കപ്പുറം അതു ഡിജിറ്റൽ ലോകമായിരുന്നില്ല. എന്നാൽ ദൈവവചനം പറയുന്നത്: "വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, തീയുടെ ബലം കെടുത്തു...." (എബ്രായർ 11:33, 34). ഏതു സാങ്കേതിക വിദ്യയാലാണ് ഇതൊക്കെ സംഭവിച്ചത്. ഉത്തരം : പ്രാർഥനയാൽ.

പ്രാർഥിക്കുന്ന ദൈവജനം ഒരിക്കലും തോൽക്കുകയില്ല. ഒരു ജീവിതസാഹചര്യങ്ങൾക്കും അവരെ തകർക്കാൻ കഴിയുകയില്ല. പ്രാർഥിക്കുന്ന മാതാപിതാക്കളുടെ കുഞ്ഞുങ്ങൾ ഒരിക്കലും നഷ്ടപ്പെടത്തില്ല. പ്രശ്നങ്ങൾക്കു പരിഹാരം ഫെയ്സ്ബുക്കും, വാട്സ് ആപ്പും, ടിറ്ററും അല്ല പ്രാർഥന... പ്രാർഥമാത്രം. പ്രാർഥനയ്ക്കായി നാം ഉണരുക.

"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു'' (1 പത്രൊസ് 8:8). ജീവിതഭാരങ്ങൾ നമ്മുടെ മുമ്പിൽ മഹാപർവ്വതം പോലെ നിന്നെന്നാലും പ്രാർഥിക്കുന്ന ദൈവപൈതൽ അതിനു മീതെ കൂടി കടന്നുപോകും. ആകയാൽ പ്രാർഥനയ്ക്കായി നാം ഉണരേണം.

**2. ദൈവവചനത്തിനായി നാം ഉണരേണം**

ജീവൻ നിലനിറുത്തുവാൻ നാം കഴിക്കുകയും കുടിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മിൽ അധിവസിക്കുന്ന ആത്മാവിന്റെ വിശപ്പും ദാഹവും പലപ്പോഴും നാം അറിയാതെ പോകുന്നു. "അപ്പത്തിനായുള്ള വിശപ്പല്ല; വെള്ളത്തിനായുള്ള ദാഹവുമല്ല; യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പു

തന്നേ..." (ആമോസ് 8:11) എന്ന് ദൈവവചനത്തിൽ പറയുന്നത് ശ്രദ്ധിക്കുക. വിവരസാങ്കേതികവിദ്യകൾ നമ്മുടെ ഇഹലോക ജീവിതത്തിനു സഹായകമാണെന്നതിൽ തെല്ലും സംശയമില്ല. എന്നാൽ അതൊന്നും നമ്മുടെ ഉള്ളത്തിന്റെ വിശപ്പിന് ശമനം നൽകില്ല. ദൈവവചനമാകുന്ന ബൈബിൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് പുതുവർഷത്തിൽ നമ്മുടെ ശീലമാകണം. ദൈവവചനം നമ്മെ ബുദ്ധിമാനാക്കും (സങ്കീ. 119:98, 99). എല്ലാവരെക്കാളും വിവേകമേറിയവനാക്കും (119:100). ദൈവവചനത്തിൽ നമ്മുടെ പ്രിയം ഉണ്ടായാൽ സകലവ വ്യാജമാർഗത്തേയും നാം വെറുക്കും (119:104). തിരുവചനപഠനം നമുക്ക് അതിപ്രിയം ആകണം. ടെലിവിഷനിൽ ദൈവവചനം കേൾക്കുന്നതു നല്ലതു തന്നെ. ബെരോവയിലെ വിശ്വാസികൾ ദൈവവചനം കേൾക്കുക മാത്രമല്ല "അതു അങ്ങനെ തന്നെയോ എന്നു പരിശോധിച്ചുപോന്നു." അതുപോലെ നാമും ചെയ്യേണം. ദൈവവചനപഠനത്തിനും ധ്യാനത്തിനും നാം ഉണരുമ്പോൾ അതായിരിക്കും ഈ ലോകവാരിധിയിൽ നമ്മെ ശക്തരാക്കുന്നത്.

**3. ക്രിസ്തുവിനെ സാക്ഷിക്കുവാൻ നാം ഉണരേണം**

ഡിജിറ്റൽ സാങ്കേതിക വിദ്യകൾ സുവിശേഷീകരണത്തിന് ഏറെ സഹായകം തന്നെയാണ്. "രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും" (മത്താ. 24:14) എന്ന തിരുവചനത്തിന്റെ നിവർത്തീകരണത്തിനു ഡിജിറ്റൽ ലോകം ഏറെ സഹായകമാകും എന്നതിനു സംശയമില്ല. എന്നാൽ അതോടൊപ്പം നാമും ക്രിസ്തുവിന്റെ സാക്ഷിയായി മാറേണം. നമ്മുടെ വാക്കുകൾ മാത്രമല്ല; നമ്മുടെ ജീവിതവും സുവിശേഷഘോഷണമായി മാറണം. നമ്മുടെ ആയുസ്സിൽ ഇന്നു വരെ എത്രപേരെ നമുക്ക് യേശുവിങ്കലേക്കു കൊണ്ടുവരാൻ കഴിഞ്ഞു? നാമെല്ലാം 'ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെയാണ്'. ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അതിനായി നാം ഉണരേണം. "ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം" എന്നാണ് 1 കൊരി. 9:16 ൽ പൗലോസ് അപ്പോസ്തോലൻ പറയുന്നത്.

പ്രിയരെ, ഇനി കാലങ്ങൾ ഏറെയില്ല; ഡിജിറ്റൽ ലോകം എന്നത് എല്ലാറ്റിന്റേയും അവസാനം തന്നെയാണ്. ആകാശത്ത് അത്ഭുതപ്രതിഭാസങ്ങൾ അരങ്ങേറുന്ന വാർത്തകൾ ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. ആയുസ്സ് ഈ ഭൂപ്പരപ്പിൽ അവസാനിക്കും മുമ്പ് ഉണർവ്വുള്ളവരായി നമുക്ക് ജീവിക്കാം.

# ദശാംശസ്തോത്രം/ഔദാര്യദാനസമർപ്പണം

## ഒക്ടോബർ - നവംബർ

| | പേര് | തുക |
|---|---|---|
| 1. | അച്ചാമ്മ തോമസ്, പാമല പുത്തൻവീട്ടിൽ | 1000 |
| 2. | പി.സി. കുര്യൻ, പാമല പുത്തൻവീട്ടിൽ | 1000 |
| 3. | പി.സി. അലക്സാണ്ടർ, പാമല പുത്തൻവീട്ടിൽ | 1000 |
| 4. | പി.സി. ജോൺ ഓവിൽ പുതുപ്പറമ്പിൽ | 250 |
| 5 | പി.സി. ജേക്കബ് ഓവിൽ പുതുപ്പറമ്പിൽ | 150 |
| 6. | സ്വാമി ദാസ്, പൂമാത്തിവിളെ പുത്തൻവീട് | 1000 |
| 7. | എം. കെ ചാക്കോ മരുതുത്തറ | 3000 |
| 8. | ജോൺ ചാക്കോ കച്ചിറ | 2000 |
| 9. | ഏ.വി. വറുഗീസ്, ഏടേട്ട് | 400 |
| 10. | വറുഗീസ് റ്റി. കുരുവിള തൈപ്പറമ്പിൽ | 1000 |
| 11. | കെ.ജെ. വറുഗീസ്, കോട്ടയ്ക്കാപ്പറമ്പിൽ | 400 |
| 12. | മറിയാമ്മ ഐസക്, പാറടിയിൽ | 1000 |
| 13. | മാത്യു തോമസ്, ചേച്ചാകുന്നിൽ | 400 |
| 14 | സാബു ജോൺ ഏബ്രഹാം, ചേച്ചാകുന്നിൽ | 300 |
| 15. | ബാബു ജോർജ്ജ് ഏബ്രഹാം, ചേച്ചാകുന്നിൽ | 900 |
| 16. | പി.വി.ഇട്ടി, മണ്ണിൽമലയിൽ | 50 |
| 17. | പി.ജി.വറുഗീസ്കുട്ടി, മണ്ണിൽ പീസ് ലാൻഡ് | 300 |
| 18. | ശോശാമ്മ ചെറിയാൻ. മുണ്ടയ്ക്കൽ മലയിൽ | 100 |
| 19. | ബിജു ഹാനോക്, പടിഞ്ഞാറേക്കൂറ്റ് | 1600 |
| 20. | ഫിലിപ്പ് ഹാനോക്, പടിഞ്ഞാറേക്കൂറ്റ് | 500 |
| 21. | പി.വി. തങ്കച്ചൻ, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 22. | ഉഷാവറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 23. | ആശിഷ് വറുഗീസ് പടിഞ്ഞാറേക്കൂറ്റ് | 1000 |
| 24. | ഏലിയാമ്മ ഏബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 600 |
| 25. | കുഞ്ഞുമോൻ തോമസ്, വാണിയപ്പുരയ്ക്കൽ | 100 |
| 26. | ചെറിയാൻ യോഹന്നാൻ, ഇലഞ്ഞിമൂട്ടിൽ | 200 |
| 27. | വറുഗീസ് വറുഗീസ് പാറയിൽ പറമ്പത്ത് | 1000 |
| 28. | മറിയാമ്മ വർഗീസ്, പാലയ്ക്കൽ | 200 |
| 29. | മെർലി മേരി ജേക്കബ്, ഈട്ടിക്കൽ | 1500 |
| 30. | അച്ചാമ്മ പൗലോസ്, താഴികമലയിൽ | 1100 |
| 31 | ജോൺസൺ റ്റി.പി. തെക്കേക്കര | 1000 |
| 32. | ചിന്നമ്മ ഏബ്രഹാം, കാലാപ്പറമ്പിൽ | 300 |
| 33 | മാത്യു ചെറിയാൻ തുണ്ടിയിൽ വടക്കേതിൽ | 1000 |
| 34 | ജോർജ്ജ് ചെറിയാൻ, തുണ്ടിയിൽ വടക്കേതിൽ | 2000 |
| 35. | കെ.കെ. ജോർജ്ജ്, കൊച്ചുതുണ്ടിയിൽ | 400 |
| 36. | ഗീവർഗീസ് മാത്യു, പാണംകുളത്ത് | 600 |
| 37. | കെ.ഏ. ജോൺ, കാലാപ്പറമ്പിൽ | 300 |
| 38. | വർക്കി കുരുവിള, തൈപ്പറമ്പിൽ | 200 |
| 39 | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 450 |
| 40. | ജേക്കബ് റ്റി. ജോർജ് തുണ്ടിയിൽ | 300 |
| 41 | സുരേഷ് കുര്യൻ, തുണ്ടിയിൽ | 500 |
| 42. | സുനോജ് കുര്യൻ, തുണ്ടിയിൽ | 1000 |
| 43. | റ്റി.ബി. ജോർജ്, തുണ്ടിയിൽ | 400 |
| 44. | ഷാജി ജോർജ്ജ്, മുല്ലപ്പള്ളിൽ | 1000 |
| 45. | വർക്കി ജോർജ്ജ്, അമ്പാട്ടുകുന്നേൽ | 650 |
| 46. | ഏലിയാമ്മ ഈശ്വോ ഇലവിനാക്കുഴിയിൽ | 400 |
| 47. | ഏലിയാമ്മ തോമസ്, മലയ്ക്കൽ | 100 |
| 48. | സാം സി. കുരുവിള, ഇലവുങ്കൽ മേലേക്കുറ്റ് | 250 |
| 49. | കോരുള ജോൺ, ഇലവുങ്കൽ | 200 |
| 50. | ഇ.ജി. ജോൺ, ഇലവുങ്കൽ | 1150 |
| 51. | റവ. ഇ. ജി. കോരുള, ഇലവുങ്കൽ | 1000 |
| 52. | ജോർജ്ജ് പി. ജോൺ, പൗവ്വത്തിലാത്ത് | 550 |

| | | |
|---|---|---|
| 53 | എം. എം. മാത്യു, മൈലയ്ക്കൽ | 3000 |
| 54 | മറിയാമ്മ യോഹന്നാൻ, പൊരിവട്ടായിൽ | 900 |
| 55. | കുരുവിള മാത്യു, മുണ്ടയ്ക്കമണ്ണിൽ | 400 |
| 56. | റോയി വറുഗീസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 500 |
| 57. | സാബു തോമസ്, വടയ്ക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 500 |
| 58. | ജോസഫ് തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 600 |
| 59. | പി. എം. സൂസന്ന, എബനേസർവില്ല | 400 |
| 60. | വർഗ്ഗീസ് ജോൺ, കോടംപള്ളിൽ | 400 |
| 61. | അന്നമ്മ കുരുവിള, തൊട്ടിപ്പാറയ്ക്കൽ | 1000 |
| 62. | ബെൻസി കെ. തോമസ്, തൊട്ടിപ്പാറയ്ക്കൽ | 500 |
| 63 | പി.എം.മാത്തുക്കുട്ടി, പണിയ്ക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ | 500 |
| 64. | എം. സി. ഏബ്രഹാം, മൈലയ്ക്കൽ | 200 |
| 65. | മേരി ചാണ്ടി, മൈലയ്ക്കൽ പുത്തൻപറമ്പിൽ | 500 |
| 66. | എം. എം. ഏബ്രഹാം, മൈലയ്ക്കൽ | 1200 |
| 67 | ശോശാമ്മ മത്തായി, ഇലവിനാക്കുഴിയിൽ | 150 |
| 68. | ഇ.സി. മാത്യു, ഇലവിനാക്കുഴിയിൽ | 500 |
| 69. | തോമസ് കെ. വർക്കി, കൊച്ചുതുണ്ടിയിൽ റിജുഭവൻ | 800 |
| 70. | ചിന്നമ്മ ചാണ്ടി ഇലവിനാക്കുഴിയിൽ | 200 |
| 71. | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 600 |
| 72. | റവ. ജോസഫ് തോമസ് പാഴ്സനേജ് | 2000 |
| 73 | അന്നമ്മ ചെറിയാൻ, മുണ്ടയ്ക്കമലയിൽ | 650 |
| 74. | എം.വി. കോശി, മുണ്ടയ്ക്കമലയിൽ | 400 |
| 75 | കുര്യൻ കെ. ജോൺ, കാഞ്ഞിരത്തുങ്കൽ | 100 |
| 76. | കെ. വി. ഈപ്പൻ, പാറയിൽ പീസ് കോട്ടേജ് | 1600 |
| 77. | ഷൈജു കെ. വറുഗീസ്, കൊച്ചുതുണ്ടിയിൽ | 300 |
| 78. | ഏബ്രഹാം ജോസഫ്, തൈപ്പറമ്പിൽ സജി സദൻ | 1000 |
| 79. | ഏബ്രഹാം വറുഗീസ്, മഠത്തിൽ | 500 |
| 80. | കെ.കെ. ഏബ്രഹാം, കുളങ്ങര രഹബോത്ത് | 400 |
| 81. | സജി എബ്രഹാം, കുളങ്ങര രഹബോത്ത് | 4000 |
| 52. | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ | 350 |
| 83. | റോജി മാത്യു തൊട്ടിപ്പാറയ്ക്കൽ | 400 |
| 84. | ജോർജ് ചെറിയാൻ താഴികയിൽ പുത്തൻവീട് | 100 |
| 85. | ഏലിയാമ്മ ചെറിയാൻ, താഴികയിൽ | 400 |
| 86 | റ്റി.എ.വർഗീസ്, താഴികയിൽ | 500 |
| 87. | ചാണ്ടി അലക്സാണ്ടർ, ആഞ്ഞിലിമൂട്ടിൽ | 600 |
| 88. | വി.ഏ. മാത്യു, വെള്ളൂച്ചേരിൽ | 400 |
| 89. | ഡോ. വി.ജെ. വറുഗീസ്, പാറയിൽ | 300 |
| 90. | ഏബ്രഹാം സി. ജോർജ്ജ്, ചേച്ചാകുന്നിൽ | 3000 |
| 91. | ജോൺ വർക്കി, കോട്ടയ്ക്കാപറമ്പിൽ | 200 |
| 92 | വിജയരാജ്, മുണ്ടയ്ക്കൽ | 400 |
| 93 | മറിയാമ്മ വർഗീസ്, മുണ്ടയ്ക്കൽ | 500 |
| 94. | റേച്ചൽ ജോർജ്ജ്, കാലാപ്പറമ്പിൽ | 700 |
| 95 | അച്ചാമ്മ കുര്യൻ, കൊച്ചുതുണ്ടിയിൽ | 500 |
| 96. | റിബേക്കാ ജോൺ, തൈപ്പറമ്പിൽ | 800 |
| 97. | കെ. റ്റി. വർക്കി, കൊച്ചുതുണ്ടിയിൽ | 100 |
| 98. | സഖറിയാ ജോൺ, തുണ്ടിയിൽ | 800 |
| 99. | അന്നമ്മ വർക്കി, കൊച്ചുതുണ്ടിയിൽ | 1200 |
| 100. | സാജൻപോൾ, സി.ഡി. സദനം | 600 |
| 101 | അന്നമ്മ ജേക്കബ്, നെല്ലിമൂട്ടിൽ | 500 |
| 102 | കെ.ഷൺമുഖം, നെല്ലിമൂട്ടിൽ | 100 |
| 103 | കെ.ജി.മാത്തുക്കുട്ടി, കാരിമൂട്ടിൽ | 1200 |
| 104 | ലീലാമ്മ ഏബ്രഹാം, കാരിമൂട്ടിൽ | 400 |
| 105 | ആലീസ് ജോസഫ്, നെല്ലിമൂട്ടിൽ | 200 |
| 106 | സോമൻ ജോസഫ്, നെല്ലിമൂട്ടിൽ | 450 |
| 107. | അന്നമ്മ ജോർജ്ജ്, നെല്ലിമൂട്ടിൽ | 1000 |
| 108 | ശാന്തമ്മ ഏബ്രഹാം, നെല്ലിമൂട്ടിൽ | 400 |
| 109. | ജൂലി ഷിബു, നെല്ലിമൂട്ടിൽ | 2000 |
| 110. | കെ.വി.ജോൺ, കൊച്ചുണ്ടിയിൽ ജോയിഭവൻ | 1000 |
| 111. | വർഗ്ഗീസ് ജേക്കബ്, തൈപ്പറമ്പിൽ | 500 |
| 112. | കെ.വി. വർഗീസ്, കൊച്ചുപുരയ്ക്കൽ | 500 |
| 113. | കെ.കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 2000 |

| | | |
|---|---|---|
| 114. | വിനു കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 1000 |
| 115 | സാബു ജോൺ കോരുത് കൊച്ചുമണ്ണിൽ | 2000 |
| 116 | വർഗ്ഗീസ് തോമസ്, കൊച്ചുമണ്ണിൽ | 400 |
| 117. | ഈപ്പൻ കെ. ചെറിയാൻ, കട്ടത്തറ | 1000 |
| 118. | കൊച്ചിട്ടി എബ്രഹാം, മണ്ണിൽ | 350 |
| 119 | ജോൺ കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 500 |
| 120. | ഇ.വി.ചെറിയാൻ, ഈട്ടിയ്ക്കൽ | 200 |
| 121. | ഇ.വി.ജേക്കബ്, ഈട്ടിയ്ക്കൽ | 300 |
| 122. | ഇ.വി.ജോർജ്ജ്, ഈട്ടിയ്ക്കൽ | 400 |
| 123 | ഇ.വി.ഏബ്രഹാം, ഈട്ടിയ്ക്കൽ | 200 |
| 124 | പി.റ്റി.തോമസ്, പാറയിൽഅക്കരെപ്പറമ്പിൽ | 750 |
| 125 | വി.എ.ജോൺ, ആഞ്ഞിലിമൂട്ടിൽ | 950 |
| 126. | സൂസമ്മ ജോർജ്ജ് ആഞ്ഞിലിമൂട്ടിൽ | 1000 |
| 127. | എ. ഏബ്രഹാം, ആഞ്ഞിലിമൂട്ടിൽ | 700 |
| 128. | ജോർജ്ജ് വർഗ്ഗീസ്, തറികുന്നിൽ | 1000 |
| 129. | ഡോ. മാത്യു ജോൺ, വല്ല്യേട്ട് | 3500 |
| 130 | ഡോ. വി.ജോൺ, വല്ല്യേട്ട് | 2000 |
| 131. | സി.റ്റി. തോമസ്, ചേച്ചാകുന്നിൽ | 450 |
| 132. | ജേക്കബ് കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 200 |
| 133. | മേരി രാജു, ആഞ്ഞിലിമൂട്ടിൽ | 350 |
| 127. | സി. ജേക്കബ്, താഴികയിൽ | 2000 |
| 128. | സാബു ജേക്കബ്, താഴികയിൽ | 1000 |
| 129. | ഇ.റ്റി.തോമസ്, ഇലവുങ്കൽമലയിൽ | 500 |
| 130. | ഇ. റ്റി. കോരുള, ഇലവുങ്കൽ മലയിൽ | 2000 |
| 131 | അന്നമ്മ വർഗ്ഗീസ്, തറികുന്നിൽ | 2000 |
| 132. | റ്റി.വി. വറുഗീസ്, തറികുന്നിൽ | 500 |
| 133. | റ്റി.കെ. വറുഗീസ് തറികുന്നിൽ | 450 |
| 134 | അന്നമ്മ മാത്യു, ചക്കാലയിൽ | 500 |
| 135. | ജോൺ മാത്യു ചക്കാലയിൽ സഞ്ജു വില്ല | 1000 |
| 136. | കെ.കെ.കുരുവിള, കുളങ്ങര സാജൻവില്ല | 700 |
| 137. | ജിജി ജേക്കബ്, കരിപ്പക്കുഴിയിൽ | 300 |
| 138. | പി.ഏ.അലക്സാണ്ടർ, കരിപ്പക്കുഴിയിൽ | 300 |
| 139. | മറിയാമ്മ ചാക്കോ, ചാത്തനാട്ട് | 600 |
| 140 | വർഗീസ് അമ്പാട്ടുകുന്നേൽ | 100 |
| 141 | എം. ഒ. മാത്തുക്കുട്ടി, ഈട്ടിയ്ക്കൽ | 1100 |
| 142. | എം. ഒ. ഉമ്മൻ, ഈട്ടിയ്ക്കൽ | 1860 |
| 143 | അന്നമ്മ വർക്കി, ഈട്ടിയ്ക്കൽ | 450 |
| 144. | റെജി എം. വർക്കി ഈട്ടിയ്ക്കൽ | 1500 |
| 145. | രാജു. എം. വർക്കി, ഈട്ടിയ്ക്കൽ | 6300 |
| 146. | തോമസ്കുട്ടി ഏ. കെ., ആഞ്ഞിലിമൂട്ടിൽ | 700 |
| 147. | അലക്സാണ്ടർ കുര്യൻ,ആഞ്ഞിലിമൂട്ടിൽ | 100 |
| 148. | കോശി മാത്യു, ഒറ്റപ്ലാമൂട്ടിൽ | 100 |
| 149. | പി. കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 600 |
| 150. | ഗ്രേസി തോമസ്. ഒറ്റപ്ലാമൂട്ടിൽ | 100 |
| 151 | ഏലിയാമ്മ ചെറിയാൻ, നടുപ്പറമ്പിൽ | 80 |
| 152 | റ്റി.റ്റി. പോത്തൻ, തുരുത്തുമല | 600 |
| 153 | ജോർജ്ജ് ഏബ്രഹാം, തെക്കേക്കുറ്റ്, തകടിയിൽ | 1100 |
| 154. | ജോൺ യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 200 |
| 155. | മാത്യു യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 200 |
| 156. | കോശി യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 650 |
| 157. | എം. പി. പുന്നൂസ് മംഗലത്ത് | 200 |
| 158. | ഷാജി പുന്നൂസ്, മംഗലത്ത് | 600 |
| 159 | എം.പി.ഫിലിപ്പ്, മംഗലത്ത് | 200 |
| 160. | സാബു ഏബ്രഹാം, തുരുത്തുമല | 1100 |
| 161 | റ്റി.സി.മാത്യു, തൈപ്പറമ്പിൽ | 200 |
| 162. | റേച്ചൽ വർഗ്ഗീസ്, മുണ്ടയ്ക്കൽമലയിൽ | 200 |
| 163. | ലീലാമ്മ തോമസ്, മുണ്ടയ്ക്കൽ | 200 |
| 164. | വി. എം. സഖറിയ, വടശ്ശേരിൽ | 400 |
| 165. | ജിജി എം. സഖറിയ വടശ്ശേരിൽ | 1000 |
| 166. | മോനച്ചൻ കുഞ്ഞുകുഞ്ഞ് | 400 |
| | **ആകെ** | **130940** |

# വിശുദ്ധ നാടുകളിലൂടെ

(യാത്രാവിവരണം ഭാഗം : 1)

ഏബ്രഹാം സി ജോർജ്ജ് ചേച്ചാകുന്നിൽ

നമ്മുടെ രക്ഷിതാവ് ജനിക്കുകയും പ്രവർത്തിക്കയും ചെയ്ത സ്ഥലങ്ങൾ കാണണമെന്നുള്ള വലുതായ ഒരു ആഗ്രഹത്തിന്റെ പൂർത്തീകരണമായിരുന്നു കഴിഞ്ഞ ഒക്ടോബർ മാസം 4-ാം തീയതി ഞാനും ഭാര്യ സൂസിയും വിശുദ്ധനാട്ടിലേക്കുള്ള യാത്ര. Ria Tours and Travels ന്റെ നേതൃത്വത്തിൽ 42 പേരുള്ള യാത്രാസംഘം ഒക്ടോബർ മാസം 4-ാം തീയതി 4.30 എ.എം. ന് Gulf Air വിമാനത്തിൽ പുറപ്പെട്ടു. കൊച്ചിയിൽ നിന്നും നേരിട്ടു യിസ്രായേലിലേക്ക് വിമാന സർവ്വീസ് ഇല്ലാത്തതിനാൽ ആദ്യം കൊച്ചിയിൽ നിന്നും ബഹ്റിനിലേക്കും അവിടെനിന്നും ജോർദ്ദാന്റെ തലസ്ഥാനമായ അമ്മാൻ എന്ന സ്ഥലത്തേക്കും അമ്മാനിൽ നിന്നും ബസ് മാർഗം യിസ്രായേൽ അതിർത്തിയിലേക്കും എത്തുക എന്നതായിരുന്നു ടൂർ ഓപ്പറേറ്റേഴ്സ് അറേഞ്ച് ചെയ്ത റൂട്ട്.

കൊച്ചിയിൽ നിന്നും വെളുപ്പിന് 4.30 ന് യാത്ര തിരിച്ച ഞങ്ങൾ ബഹ്റിനിൽ അവിടുത്തെ സമയം 6.40 എ.എം. ന് എത്തി. അവിടെ പ്രഭാത കൃത്യങ്ങൾ നിർവ്വഹിച്ചശേഷം, 9.00 ന് Gulf Air വിമാനത്തിൽ അമ്മാനിലേക്ക് തിരിച്ചു. പകൽ 11.40ന് അമ്മാനിൽ എത്തി. അവിടെ ഞങ്ങളെ സ്വീകരിക്കാൻ ഒരു ജോർദ്ദാൻ ഗൈഡും ഒരു നല്ല ബസും ഉണ്ടായിരുന്നു. എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി ഞങ്ങൾ ബസ്സിൽ കയറി.

ഉച്ചഭക്ഷണത്തിന് ശേഷം സ്ഥലങ്ങൾ സന്ദർശിക്കുവാനായിരുന്നു തീരുമാനം.

**മൗണ്ട് നെബോ (Mt. Nebo)**

ഞങ്ങൾ ആദ്യം സന്ദർശിച്ചത് ജോർദ്ദാനിലെ മൗണ്ട് നെബോ എന്നൊരു മലയായിരുന്നു. മോശ യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും വാഗ്ദത്ത നാടായ കനാനിലേക്ക് നടത്തുന്നതിന്റെ ഇടയിൽ ജനം സീനായി മരുഭൂമിയിൽ വെച്ച് മോശെയോടു പിറുപിറുത്തു. ദൈവത്തിന്റെ കല്പന മോശെയോടുള്ളത് "സംഖ്യ. 20:12 ൽ രേഖപ്പെടുത്തിയിട്ടുണ്ട്." ഈ ജനത്തിന് ഞാൻ അവകാശമായി കൊടുക്കും എന്നു പറഞ്ഞ ദേശത്തിലേക്ക് നിങ്ങൾ ഈ ജനത്തെ കൊണ്ടുപോകയില്ല" എന്നാലും മോശെയോടു കരുണ തോന്നിയതിനാൽ ദൈവം മോശെയെ കനാൻ ദേശം ഒരു മലയുടെ മുകളിൽ കയറ്റി നിർത്തി കാണിച്ചു. ആ മലയാണ് മൗണ്ട് നെബോ. ജോർദ്ദാൻ ഭാഗങ്ങൾ നിരപ്പുള്ളത് ആണെങ്കിലും മറ്റു ഭാഗം വളരെ താഴ്ചയുള്ള താഴ്വര പ്രദേശമാണ്. നമ്മുടെ മൂന്നാറിൽ നാടുകാണിയിൽ നിന്നും തമിഴ്നാട്ടിലേക്കു നോക്കുന്ന പ്രതീതി.

ഇവിടെ വളരെ ഉയരത്തിൽ ഒരു തൂണിൽ ഒരു പിച്ചള സർപ്പത്തിന്റെ രൂപം ഉണ്ടാക്കിയിട്ടുണ്ട്. മോശയുടെ കാലത്ത് യിസ്രായേൽ പാളയത്തിൽ ജനം ദൈവത്തെ നിന്ദിച്ചതിനാൽ "യഹോവ ജനത്തിന്റെ ഇടയിൽ അഗ്നി സർപ്പത്തെ അയച്ചു... അഗ്നി സർപ്പം കടിച്ചു വളരെ ജനം മരിച്ചു (സംഖ്യ. 21:6-8). തുടർന്നു മോശ

ദൈവത്തോട് ജനത്തിന് വേണ്ടി അപേക്ഷിക്കുകയും, ദൈവകല്പന പ്രകാരം ‘‘മോശ ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കി.” അഗ്നിസർപ്പത്തിന്റെ കടിയേൽക്കുന്ന ആരെങ്കിലും മോശ ഉയർത്തിയ പിച്ചള സർപ്പത്തെ നോക്കിയാൽ ജീവൻ പ്രാപിക്കും. ഈ ഓർമ്മ വരുംതലമുറയ്ക്ക് കാണിച്ചുകൊടുക്കുകയായിരുന്നു ഈ സ്തംഭത്തിന്റെ ലക്ഷ്യം.

ഇതിനോടു ചേർന്നു കപ്പൂചിയൻ ബ്രദേഴ്സിന്റെ ഒരു ആശ്രമവും ഒരു പള്ളിയും കൂടാതെ ഒരു മ്യൂസിയവും ഇവിടെ ഉണ്ട്. അല്പം അകലെയായി മോശയുടെ ശവകുടീരവും അതിനോടു ചേർന്ന് ഒരു വലിയ ഫലകവും കൊത്തിവെച്ചിട്ടുണ്ട്. ഇത് മോശയുടെ കാലത്ത് ദൈവം തന്റെ ജനത്തെ നടത്തിയ വഴികളെക്കുറിച്ച് ചിന്തിക്കുന്നതിന് കാരണമായി.

അന്നു രാത്രി അമ്മാനിൽ ഒരു 5 സ്റ്റാർ ഹോട്ടലിൽ താമസിച്ചു. അടുത്ത പ്രാഭാതത്തിലെ പുത്തൻ കാഴ്ചകളായിരുന്നു മനസ്സ് മുഴുവൻ.

അടുത്ത പ്രഭാതത്തിൽ (ഒക്ടോബർ 5-ാം തീയതി) അമ്മാനിൽ നിന്നും യിസ്രായേലിലേക്കു ഒരു നല്ല എയർകണ്ടീഷൻ ബസ്സിൽ യാത്രതിരിച്ചു. തലേദിവസത്തെ യാത്രാക്ഷീണം ഒട്ടുംതന്നെയില്ലാതെ പുതിയ കാഴ്ചയിലേക്ക് യാത്ര തുടർന്നു. ഈ യാത്രയിൽ ജോർദ്ദാൻ ഗൈഡ് കൂടെ ഉണ്ടായിരുന്നതിനാൽ യിസ്രായേൽ അതിർത്തിവരെയുള്ള സ്ഥലങ്ങളെപ്പറ്റി വിവരണം നൽകി. ധാരാളം ധാതുക്കൾ നിറഞ്ഞ ഒരു ഭൂപ്രദേശമാണ്. യാത്ര ചെയ്ത മിക്ക സ്ഥലങ്ങളും ഊഷരഭൂമിയാണ്.

യിസ്രായേൽ അതിർത്തിയിൽ ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ ഏതാണ്ട് 3 മണിക്കൂർ ക്യൂവിൽ നിൽക്കേണ്ടിവന്നു. ആ രാജ്യത്തിൽ എത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണമായിരുന്നു ഇതിനു കാരണം. ഞങ്ങളുടെ ജോർദ്ദാൻ ഗൈഡിന് യിസ്രായേലിൽ പ്രവേശിക്കുവാൻ സാധ്യമല്ലാത്തതിനാൽ അദ്ദേഹം തിരികെ പോയി. ഞങ്ങൾ ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞ് ഇറങ്ങിയപ്പോൾ ഒരു അറബ് ക്രിസ്റ്റ്യനായ യിസ്രായേൽ ഗൈഡ് ഞങ്ങളെ സ്വീകരിച്ചു.

അവിടെനിന്നും യിസ്രായേൽ ടൂറിസ്റ്റ് ബസ്സിൽ ഞങ്ങൾ നസ്രേത്ത് എന്ന പട്ടണത്തിലേക്ക് പോയി. പോകുന്നവഴി യിസ്രായേലിന്റെ ആദ്യ രാജാവായ ശൗൽ മിദ്യാന്യരോട് യുദ്ധം ചെയ്ത സ്ഥലവും, ശൗലിന്റെ ശവകുടീരവും, ഗിദയോൻ ഫെലിസ്ത്യരോട് യുദ്ധം ചെയ്ത സ്ഥലവും, ആഹാബിന്റെ രാജകൊട്ടാരത്തിന്റെ അവശിഷ്ടവും, നാബോത്തിന്റെ മുന്തിരിത്തോട്ടം സ്ഥിതിചെയ്ത സ്ഥലവും കാണുവാൻ ഇടയായത് ബൈബിൾ ചരിത്രം ഒന്നുകൂടെ ആഴത്തിൽ മനസിലാക്കുന്നതിന് ഇടയായി. ഈ പ്രദേശങ്ങൾ ഏല്ലാം തന്നെ ഉരുളൻ കല്ലുകളാൽ നിറഞ്ഞ ഭൂപ്രദേശമാണ്.

**നസ്രേത്ത്** (Nassereth)

നസ്രേത്ത് എന്ന പട്ടണത്തിന്റെ ഭൂമിസശാസ്ത്രപരമായ പ്രത്യേകത അതിന് രണ്ടു ഭാഗങ്ങൾ ഉണ്ട് എന്നതാണ്. ഉയരം കൂടിയ ഭാഗത്ത് യെഹൂദന്മാരും ഉയരം കുറഞ്ഞ ഭാഗത്ത് അറബ് ക്രിസ്റ്റ്യൻസും, മുസ്ലീങ്ങളും താമസിച്ചുവരുന്നു. ഈ സ്ഥലത്തിന്റെ മുമ്പുള്ള പേർ Gath Haper എന്നാണ്. യോനാ പ്രവാചകൻ ഇവിടുത്തുകാരനാണ്. അന്ന് നസ്രേത്തിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ചു.

## Basilica of Annunciation

കന്യകമറിയാമിനു ഗബ്രിയേൽ ദൂതൻ സദ്വർത്തമാനം അറിയിച്ചത്" കൃപനിറഞ്ഞവളെ നിനക്കു വന്ദനം......................... നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ'' ലൂക്കൊ. 1:28–30).

ഈ സ്ഥലം കാണാൻ പോയത് അവിശ്വസനീയമായ ഒരു അനുഭവം ആയിരുന്നു. ഇതിനെക്കുറിച്ച് രണ്ട് വിശ്വാസങ്ങൾ നിലനിൽക്കുന്ന. കത്തോലിക്ക വിശ്വാസപ്രകാരം ദൂതൻ മറിയാമിനു വെളിപ്പെട്ടത് വീട്ടിൽവച്ചായിരുന്നു. അതിനാൽ അവിടെ ഒരു റോമൻ കത്തോലിക്കാ ബസലിക്കാ ഉണ്ട്. ഈ പള്ളിയുടെ മുകളിൽ ഒരു കറുത്ത Dom ഉണ്ട്. എന്നാൽ ഗ്രീക്ക് ഓർത്തഡോക്സ് വിശ്വാസപ്രകാരം ദൂതൻ കന്യകമറിയാമിന് പ്രത്യക്ഷപ്പെടുന്നത് വെള്ളം കോരിക്കൊണ്ടിരുന്നപ്പോൾ ആണ്. അതിനാൽ നേരത്തെ സൂചിപ്പിച്ച കത്തോലിക്കാ പള്ളിയുടെ സമീപത്തായി ഒരു ഗ്രീക്ക് ഓർത്തഡോക്സ് വിശ്വാസികളുടെ സെന്റ് ഗബ്രിയേൽ പള്ളിയും അതിന് ചേർന്ന് ഒരു കിണറും ഉണ്ട്. ഇതിൽ പറ്റാത്ത ഉറവയുണ്ട്. ഇതിനടുത്തുതന്നെയാണ് ജോസഫിന്റെ പണിശാലയും വീടും. ഞങ്ങൾ അതും സന്ദർശിച്ചു.

റോമൻ ചക്രവർത്തിയുടെ ആക്രമണത്തോടു കർത്താവിന്റെ സമയത്തുള്ള എല്ലാ മന്ദിരങ്ങളും കല്ലിന്മേൽ കല്ല് ശേഷിക്കാതെവണ്ണം ഇടിച്ചുനിരത്തിയിരുന്നു. പല സ്ഥലത്തെയും മലകളിടിഞ്ഞ് മണ്ണ് കയറിക്കിടന്നിരുന്നു. എന്നാൽ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹം ക്രിസ്തുമതം സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ അമ്മ ഹെലീന രാജ്ഞിയുടെ താല്പര്യപ്രകാരം ഘനനം ചെയ്ത് പല സ്ഥലങ്ങളും ഇന്നു കാണുന്ന രീതിയിൽ ആക്കിയെടുക്കുകയും ചെയ്തു.

### കാനാ (Cana)

യേശു ''അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ച് വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തി'' (യോഹ. 2:11). ഈ സ്ഥലം കാണാൻ ഞങ്ങൾ പോയി, ഭൂമിക്കടയിൽ ഘനനം ചെയ്തു മണ്ണ് മാറ്റിയ ഒരു പഴയവീടിന്റെ അവശിഷ്ടങ്ങളും യേശു വെള്ളം നിറയ്ക്കുവാൻ ശിഷ്യന്മാരോടു പറഞ്ഞ 6 കൽപ്പാത്രങ്ങളും ഞങ്ങൾ കണ്ടു. കൂടാതെ അന്നു ഉപയോഗിച്ചിരുന്ന കൽഭരണികളും മറ്റും അവിടെ ഉണ്ടായിരുന്നു. ഇപ്പോൾ ഈ സ്ഥലത്ത് ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ഒരു പള്ളി സ്ഥാപിച്ചിട്ടുണ്ട്. അന്നു ഞങ്ങൾ നസ്രേത്തിൽ താമസിച്ചു. താമസം വളരെ നല്ല ഒരു ഹോട്ടലിലായിരുന്നു.

അടുത്ത പ്രഭാതത്തിൽ യിസ്രായേലിലെ സ്ഥലങ്ങൾ സന്ദർശിക്കാൻ തുടങ്ങി. അടുത്തടുത്തുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി പോയതിനാൽ യേശുവിന്റെ ജീവിത നാളുകളിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ക്രമാനുഗതമായി അല്ല കാണാൻ കഴിഞ്ഞത്.

### മൗണ്ട് ഓഫ് ബിയാറ്റിറ്റ്യൂഡ്സ് (Mt. of Beatitude)

യേശു ഗിരിപ്രഭാഷണം നടത്തിയ സ്ഥലം (മത്തായി 5:3–10) "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്". ഇങ്ങനെയുള്ള 8 ബിയാറ്റിറ്റ്യൂഡ്സ് ഉള്ളതിനാൽ ഗലീലാക്കടലിന്റെ വടക്കുഭാഗത്തായി ഒക്ടറ്റഗൺ മാതൃകയിൽ പണിതിരിക്കുന്ന പള്ളിയുടെ ഓരോ മുഖവും ഓരോ ബിയാറ്റിറ്റ്യൂഡ്സ് രേഖപ്പെടുത്തുന്നു. മനോഹരമായ ഒരു പൂന്തോട്ടവും ഇവിടെ

ഉണ്ട്.

**റ്റാബ്ഗാ – മൾട്ടിപ്ലിക്കേഷൻ ചർച്ച് (Tabga - multiplication Church)**

മർക്കൊസിന്റെ സുവിശേഷം 6:48ൽ പറഞ്ഞിരിക്കുന്ന അതിശയം. 5 അപ്പവും 2 മീനും എടുത്തു യേശു സ്വർഗ്ഗത്തിലേക്ക് നോക്കി വാഴ്ത്തിനുറുക്കി 5000 പേരെ പോഷിപ്പിച്ച സ്ഥലം കാണാൻ കഴിഞ്ഞു. ഇവിടെയും മറ്റ് സ്ഥലങ്ങളിലെപ്പോലെ മനോഹരമായ പള്ളിയുണ്ട്. ഈ പള്ളിയുടെ മദ്ബഹായിൽ മൊസേക്കിൽ 5 അപ്പവും 2 മീനും കൊത്തി വെച്ചിട്ടുണ്ട്.

**മെൻസാ ക്രൈസ്റ്റ് ചർച്ച് (Mensa Christi Church)**

യേശു 5 അപ്പവും 2 മീനും വാഴ്ത്തിക്കൊടുത്ത സ്ഥലത്തിന് കുറച്ചു താഴെയായിട്ടാണ് ഗലീലാ കടൽതീരം. ഇവിടെയാണ് കർത്താവ് ഉയിർത്തെഴുന്നേറ്റ ശേഷം പത്രോസിനും, മറ്റു ശിഷ്യന്മാർക്കും പ്രത്യക്ഷനായതും. യേശു പത്രോസിനെ യഥാസ്ഥാനപ്പെടുത്തിയതും (യോഹ. 21:7–16 വരെ). "എന്റെ ആടുകളെ മേയിക്ക" എന്ന കല്പന കൊടുത്തതും ഇവിടെയാണ്.

കർത്താവ് 3 പ്രാവശ്യം "Do you love me" (നീ എന്നെ സ്നേഹിക്കുന്നുവോ) എന്ന ചോദ്യം ചോദിക്കുന്നത്. 3 പ്രാവശ്യം പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞതുകൊണ്ടാണ്. ഈ കടൽതീരത്തുള്ള പള്ളിയുടെ മുൻപിൽ ഒരു വലിയ കട്ട്ഔട്ട് ഉണ്ട്. കർത്താവ് പത്രൊസിനെ തന്റെ ദൗത്യം (mission) നിർവ്വഹിക്കുവാൻ വേണ്ടി അനുഗ്രഹിക്കുന്നതിന്റെ ചിത്രീകരണം ഈ കട്ട്ഔട്ടിൽ കാണാം.

**Sea of Galilee (ഗലീലാ കടൽ)**

യേശുകർത്താവിന്റെ ശുശ്രൂഷയുടെ പ്രധാന പങ്ക് വഹിച്ച സ്ഥലമാണ് ഗലീലാകടൽ. 13 മീറ്റർ നീളവും 7.5 മീറ്റർ വീതിയും ഉള്ള ഗലീലാ കടലിൽ ഞങ്ങൾ ബോട്ട് യാത്ര നടത്തി. ഈ കടലിന്റെ ഏറ്റവും കൂടിയ ആഴം 151 അടി ആണ്. 2 മണിക്കൂർ ബോട്ട് യാത്രയിൽ ടീമംഗങ്ങൾ പരസ്പരം പരിചയപ്പെടാനും, പാട്ടുപാടുവാനും അവസരം ലഭിച്ചു. ഞങ്ങൾ ഇന്ത്യൻ പൗരന്മാരാകയാൽ, ഇന്ത്യൻ പതാകയാണ് ബോട്ടിൽ ഉയർത്തിയത്.

**St. Peter's Fish Lunch**

ഗലീലയിൽ എത്തുന്നവരുടെ പ്രധാന ആഹാരമാണ് St. Peter's Fish Lunch. പത്രൊസ് ഒരു ചതിർബ്രഹ്മപ്പണം മീനിന്റെ വായിൽ നിന്ന് എടുത്ത സംഭവം മത്തായിയുടെ സുവിശേഷം 17 അദ്ധ്യായത്തിൽ 24 മുതൽ 27 വരെയുള്ള ഭാഗത്തു കാണുന്നു. ഈ മീൻ നമ്മുടെ നല്ല കരിമീന്റെ സൈസിൽ ഉള്ളതാണ്. അതു വളരെ രുചികരമായ ഒരു മീനാണ്. വറുത്ത ഈ മീനും കൂട്ടിയുള്ള ഉച്ചഭക്ഷണം വളരെ രുചികരമായിരുന്നു.

**Cafernahum (കഫർന്നഹോം)**

നഹൂം പ്രവാചകന്റെ വില്ലേജ്. Kafer - Nahum ഈ പേര് ലോപിച്ചാണ് Capernahum എന്നായത്. ഇവിടെ വലിയൊരു Synagogue ന്റെ അവശിഷ്ടങ്ങൾ കാണാം. ഇതിന്റെ തൂണുകളിൽ ധാരാളം കൊത്തുപണികളുണ്ട്. ഇതിനടുത്തുള്ള സ്ഥലം ഏതാണ്ട് 15 അടി താഴ്ചയിൽ ഖനനം ചെയ്തപ്പോൾ ഒരു വീടിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി. ഇത് പത്രോസിന്റെ ഭവനമായിരുന്നുവെന്നും, അതല്ല പത്രൊസിന്റെ അമ്മായിഅമ്മയുടെ ഭവനമായിരുന്നെന്നും

രണ്ട് അഭിപ്രായങ്ങൾ നിലനില്ക്കുന്നു. ഈ സ്ഥലത്തിന് മുകളിലായി Octogonal roof ഉള്ള ഒരു പള്ളിയുണ്ട്.

## Dead Sea (ചാവുകടൽ)

ഉല്പത്തി പുസ്തകം 17-ാം അദ്ധ്യായത്തിൽ സോദോം ഗോമോറ അഗ്നി ഇറങ്ങി നശിപ്പിച്ച ഒരു ചിത്രീകരണം കാണാം. അവിടുത്തെ ആൾക്കാരുടെ മ്ലേച്ഛകരമായ ജീവിതത്തിന് ദൈവം കൊടുത്ത ശിക്ഷയായിരുന്നു. എന്നാൽ അബ്രഹാമിന്റെ സഹോദരപുത്രൻ ലോത്തും കുടുംബവും ദൈവപുരുഷന്മാരുടെ വാക്കിലൂടെ അവിടെനിന്ന് ഓടി രക്ഷപ്പെട്ടു. എന്നാൽ കുറെ സമയം കഴിഞ്ഞ് ആ നഗരത്തിന് എന്ത് സംഭവിച്ചു എന്നറിയുവാൻ ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കുകയും അവിടെ വെച്ച് ഉപ്പുതൂണായി മാറുകയും ചെയ്തു. ഇപ്പോഴും ഈജിപ്റ്റിലേക്ക് പോകുന്ന വഴിയിൽ ഈ ഉപ്പുതൂണ് കാണാം.

ചാവുകടലിലെ ജലത്തിന്റെ സാന്ദ്രത വളരെ കൂടുതലാണ്. ഈ ജലാശയത്തിൽ എത്രനേരം വേണെങ്കിലും താണുപോകാതെ നമുക്ക് കിടക്കുവാൻ സാധിക്കും. ഈ രീതിയിൽ ഞങ്ങളും കുറച്ചു സമയം കടലിൽ ചെലവഴിച്ചു. ഗന്ധകം കലർന്നതിനാൽ യാതൊരു ജീവിയും ഈ കടലിൽ ജീവനോടില്ല.

## Pastor Noster Church

യേശുകർത്താവു തന്റെ ശിഷ്യന്മാരെ പ്രാർഥിപ്പാൻ പഠിപ്പിക്കുന്ന "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ." മത്തായിയുടെ സുവിശേഷത്തിൽ 6:10 മുതൽ കാണുന്ന ഈ കർത്തൃപ്രാർത്ഥന 48 ഭാഷകളിൽ ഈ പള്ളിയിൽ എഴുതിയിരിക്കുന്നു. അതിൽ ഒന്നു മലയാളത്തിലാണ്.

## ബഥാന്യ (Bethania)

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ ബഥാന്യയെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ലാസർ, മറിയ, മാർത്ത ഇവരുടെ ഭവനം സ്ഥിതിചെയ്യുന്ന സ്ഥലം യേശു കർത്താവിന് വളരെ പ്രിയമുള്ള സ്ഥലം ആയിരുന്നു. ഈ സ്ഥലം സന്ദർശിക്കുന്നതിനും ലാസറിന്റെ ശവകുടീരം കാണുവാനും കഴിഞ്ഞു.

## Einkarem - Birth place of John the Baptist

യോഹന്നാൻ സ്നാപകന്റെ ജനസ്ഥലം സന്ദർശിക്കുവാൻ സാധിച്ചു. കർത്താവിന്റെ അമ്മ മറിയയെ എലിശബെത്തിനെ വന്ദനം ചെയ്യുവാൻ പോയ സംഭവം വേദപുസ്തകത്തിൽ ലൂക്കോസിന്റെ സുവിശേഷം 1:42 ൽ രേഖപ്പെടുത്തിയിരിക്കുന്നു.കർത്താവിന്റെ അമ്മ മറിയയുടെ വന്ദനം കേട്ടപ്പോൾ എലിശബെത്തിന്റെ പിള്ള ഗർഭത്തിൽ തുള്ളി. ഈ സ്ഥലത്ത് ഒരു പള്ളിയും ഉണ്ട്.

## ജോർദ്ദാൻ നദി (Jordan River)

യോഹന്നാൻ സ്നാപകൻ യേശുവിനെ സ്നാനം കഴിപ്പിച്ച നദിയാണിത്. ഈ നദി യോർദ്ദാന്റെയും യിസ്രായേലിന്റെയും അതിർത്തിയിൽ കൂടിയാണ് ഒഴുകുന്നത്. ഇവിടെ സ്നാനം നടത്താനുള്ള തളങ്ങൾ കെട്ടിയിട്ടിട്ടുണ്ട്. ഞങ്ങൾ ഈ നദിയുടെ അരികിലുള്ള തളങ്ങളിൽ ഇറങ്ങി കാൽ കഴുകിയത് പുതിയൊരനുഭവം ആയിരുന്നു. അതിനടുത്തു തന്നെ പലരുടെയും സ്നാനശുശ്രൂഷ കാണുവാനും കഴിഞ്ഞു.

(തുടരും)

# പിറന്നാൾ സ്തോത്രം

## ജനുവരി - ഫെബ്രുവരി

*On your Birthday we wish you all many many happy returns of the day.*

**ജനുവരി**

| | | | |
|---|---|---|---|
| 1. | ഏബൻ ജോൺ ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| | ജെമി ആൻ ജോർജ്ജ് | - | കാരിമൂട്ടിൽ |
| 2. | ഏബൻ ചാൾസ് ജേക്കബ് | - | താഴികമലയിൽ |
| | നീൽ ബിനോ ജോർജ്ജ് | - | തോട്ടത്തിൽ |
| 3. | സൂസൻ വർഗ്ഗീസ് | - | മുണ്ടയ്ക്കൽ മലയിൽ |
| | ചാണ്ടി അലക്സാണ്ടർ | - | ആഞ്ഞിലിമൂട്ടിൽ രാജ് ഭവൻ |
| 4. | ആൽബർട്ട് എബി ചെറിയാൻ | - | മുണ്ടയ്ക്കമലയിൽ |
| 5. | ജീൻ ജേക്കബ് | - | താഴികയിൽ |
| | ക്രിസ്റ്റിൻ മേരി ജേക്കബ് | - | ഒറ്റപ്ലാമൂട്ടിൽ |
| 6. | കെവിൻ ഷിബു ചാണ്ടി | - | ഇലവിനാക്കുഴിയിൽ |
| 7. | അന്നമ്മ മാത്യു | - | പണിക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ |
| | നിബു കുര്യൻ | - | ആഞ്ഞിലിമൂട്ടിൽ |
| 8. | ഷിറിൻ ഉമ്മൻ മാത്യു | - | ഈട്ടിക്കൽ |
| | അനൂപ് സി. നൈനാൻ | - | ചേച്ചാകുന്നിൽ |
| | ശോശാക്കുട്ടി | - | തുണ്ടിയിൽ (മുംബൈ) |
| | ലാലച്ചൻ ജേക്കബ് | - | മുണ്ടയ്ക്കൽ |
| | കാരൻ മറിയം റെൻസൺ | - | ഒറ്റപ്ലാമൂട്ടിൽ |
| | അനുഷ്ക ജേക്കബ് | - | താഴികയിൽ |
| 9. | രാജീവ് മോൻസി വർക്കി | - | ഈട്ടിക്കൽ |
| | മേരി ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| | സഖറിയാ ജോൺ | - | തുണ്ടിയിൽ |
| 10. | ഉമ്മൻ മാത്തുക്കുട്ടി | - | ഈട്ടിക്കൽ |
| | ഏബ്രഹാം ബിജോ മാത്യു | - | തുണ്ടിയിൽ (മുംബൈ) |
| 11. | മെർലി മേരി ജേക്കബ് | - | ഈട്ടിക്കൽ |
| 12. | കോരുള ചെറിയാൻ | - | ഇലവുങ്കൽ |
| | തൽവിനാ മറിയം വർക്കി | - | കൊച്ചുതുണ്ടിയിൽ |
| 13. | ബിജു മാത്യു അലക്സാണ്ടർ | - | പാമല പുത്തൻവീട്ടിൽ |
| | എലിസബേത്ത് മാത്യു | - | വല്ലേട്ട് |
| | എം.ഒ. ഫിലിപ്പ് | - | ഈട്ടിക്കൽ |
| | നോവ സണ്ണി ജോർജ്ജ് | - | കാലാപ്പറമ്പിൽ |
| | നോറാ സൂസൻ ജോർജ്ജ് | - | കാലാപറമ്പിൽ |
| 15. | ഡോൺ ചാൾസ് മാമ്മൻ | - | താഴികമലയിൽ |
| 16. | ജോബി കോശി വർഗ്ഗീസ് | - | പാലയ്ക്കൽ |
| 17. | ആനി വർഗ്ഗീസ് | - | മുണ്ടയ്ക്കൽ തെക്കേതിൽ |
| | രെൻജു മാത്യു തോമസ് | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| | അഞ്ചു അലക്സ് | - | പാമല പുത്തൻവീട്ടിൽ |
| | മഞ്ചു അലക്സ് | - | പാമല പുത്തൻവീട്ടിൽ |
| 18. | ഡെന്നിസ് ചെറിയാൻ ജോർജ്ജ് | - | താഴികയിൽ പുത്തൻവീട് |
| | നമിത ഹന്ന ജോൺ | - | മുണ്ടയ്ക്കൽ മലയിൽ |
| 19. | വർഗ്ഗീസ് | - | തറികുന്നിൽ |
| | മറിയാമ്മ ബിജി പോത്തൻ | - | തുരുത്തുമല |

| | | | |
|---|---|---|---|
| 20. | സ്മിത ജോർജ്ജ് | - | കാരിമൂട്ടിൽ |
| | മേരി രാജു | - | ആഞ്ഞിലിമൂട്ടിൽ |
| | ലിയ എലിസബത്ത് കുഞ്ഞുമോൻ | - | വാണിയപുരയ്ക്കൽ ഇലഞ്ഞിമൂട്ടിൽ |
| 21. | ഏലിയാമ്മ ചെറിയാൻ | - | നടുപ്പറമ്പിൽ |
| | നിമ്മി എലിസബത്ത് തോമസ് | - | താഴിക മലയിൽ |
| 22. | നീതു നൈനാൻ | - | തറികുന്നിൽ |
| 23. | സഞ്ചു മാത്യു ജോൺ | - | ചക്കാലയിൽ സഞ്ചുവില്ല |
| | അന്തോണി ചെറിയാൻ വർഗ്ഗീസ് | - | പാറയിൽ അക്കരെപ്പറമ്പിൽ |
| | മറിയാമ്മ കോശി | - | ഒറ്റപ്ലാമൂട്ടിൽ |
| 24. | ബിജി ഉമ്മൻ ജേക്കബ് | - | ഈട്ടിക്കൽ |
| | രാജു എം. വർക്കി | - | ഈട്ടിക്കൽ |
| 25. | ജോസ്മി റോസ് തോമസ് | - | വടക്കേ മുണ്ടയ്ക്കൽ |
| | ജയിൻ സാറാ ജോർജ്ജ് | - | കാരിമൂട്ടിൽ |
| 26. | വർക്കി ചെറിയാൻ (രാജു) | - | ഈട്ടിക്കൽ |
| | ബറ്റീന സാറാ ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| 27. | കുരുവിള തോമസ് | - | ഇലവുങ്കൽ മലയിൽ |
| | ഷേബ ഏലിയാമ്മ ജോർജ്ജ് | - | മുല്ലപ്പള്ളിൽ |
| | അന്നമ്മ അലക്സാണ്ടർ | - | ആഞ്ഞിലിമൂട്ടിൽ രാജ് ഭവൻ |
| 28. | വർക്കി ഏബ്രഹാം | - | ഈട്ടിക്കൽ |
| 29. | ബാബു ജോർജ്ജ് | - | ചേച്ചാകുന്ന് മലയിൽ |
| 30. | സാബു ജോൺ | - | ചേച്ചാകുന്ന് മലയിൽ |
| | തോമസ് പി. ജേക്കബ് | - | താഴികമലയിൽ |
| | മോളി ചെറിയാൻ | - | ഈട്ടിക്കൽ |
| | റോവാൻ മാത്യു റോബിൻ | - | ഇലവിനാക്കുഴിയിൽ |
| 31. | വർഗ്ഗീസ് തോമസ് | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| | ജേക്കബ് വർഗ്ഗീസ് | - | താഴികയിൽ |
| | അനു സാം | - | തൈപ്പറമ്പിൽ |
| | നീനു ആൻ തോമസ് | - | താഴികമലയിൽ |
| | ജോഹൻ ജേക്കബ് എബിൻ | - | ആഞ്ഞിലിമൂട്ടിൽ |

**ഫെബ്രുവരി**

| | | | |
|---|---|---|---|
| 1 | ആൻസി കുരുവിള | - | തൊട്ടിപ്പാറയ്ക്കൽ |
| | ഷോൺ സജു വർഗ്ഗീസ് | - | മഠത്തിൽ |
| | ആഷ മേരി വർഗ്ഗീസ് | - | തുരുത്തുമല തകിടിയിൽ |
| | ഷൺമുഖം കെ. | - | നെല്ലിമൂട്ടിൽ |
| 3. | റിൻസി എലിസബത്ത് ജേക്കബ് | - | താഴികമലയിൽ |
| | അബിൻ അനിൽ വർഗ്ഗീസ് | - | പാറയിൽ പറമ്പത്ത് |
| | ലീന വിജു | - | കാലാപ്പറമ്പിൽ |
| | സിനു സൂസൻ തോമസ് | - | വടക്കേ മുണ്ടയ്ക്കൽ തെക്കേതിൽ |
| 4. | ഷെബി എലിസബത്ത് ഷിബിൻ | - | കൊച്ചുമണ്ണിൽ |
| | കോശി വർഗ്ഗീസ് | - | വടക്കേ മുണ്ടയ്ക്കൽ |
| 5. | കോശി | - | തുരുത്തുമല തകിടിയിൽ |
| | ബ്രിയാൻ ഫിലിപ്പ് ഹാനോക്ക് | - | പടിഞ്ഞാറെക്കുറ്റ് |
| | നിറ്റി എൽസാ ജേക്കബ് | - | താഴികയിൽ |
| 6. | റവ. സുനിൽ കെ. ചാണ്ടി | - | കുളങ്ങര |
| 7. | ജോസഫ് തോമസ് | - | വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| | ശോശാമ്മ മത്തായി | - | ഇലവിനാക്കുഴിയിൽ |
| | പ്രിൻസി അനീഷ് മാത്യു | - | തൊട്ടിപ്പാറയ്ക്കൽ |
| 8. | മിഥുൻ ജേക്കബ് ഏബ്രഹാം | - | താഴികയിൽ |
| | ജോഹൻ മുണ്ടയ്ക്കൽ | - | മുണ്ടയ്ക്കൽ |
| 9. | വിനു ചെറിയാൻ | - | കൊച്ചുപുരയ്ക്കൽ |

| | | | |
|---|---|---|---|
| | മറിയാമ്മ സുനിൽ | - | പാറടിയിൽ |
| | റ്റിസ് മാത്യു രാജു | - | മുണ്ടയ്ക്കമണ്ണിൽ |
| | സ്റ്റെവിൻ ബിനു | - | ആഞ്ഞിലിമൂട്ടിൽ |
| 10. | ഉഷാ വർഗ്ഗീസ് | - | പടിഞ്ഞാറെക്കൂറ്റ് |
| | ജയ സാറാ ഏബ്രഹാം | - | ചേച്ചാകുന്നിൽ |
| | ഗ്രേസി തോമസ് | - | ഒറ്റപ്ലാമൂട്ടിൽ |
| | തേജസ് സാമുവേൽ ജോഷ്വാ | - | കാവുമണ്ണിൽ |
| 11. | ആലീസ് മാത്യു | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| | ജെമീമ മോളി ഷാജി | - | മുല്ലപ്പള്ളിൽ |
| 12. | യോഹന്നാൻ ജോൺ | - | തുരുത്തമല തകിടിയിൽ |
| | കുര്യൻ ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| | സിനു അനു സാബു | - | ഒറ്റപ്ലാമൂട്ടിൽ |
| | ജുബി ജി. തോമസ് | - | ചേച്ചാകുന്നിൽ |
| 13. | ഷേർലി വർഗ്ഗീസ് | - | താഴികയിൽ |
| | ഡസീലാ സുനോജ് | - | തുണ്ടിയിൽ |
| | നേഥൻ തോമസ് ഏബ്രഹാം | - | മൈലയ്ക്കൽ തോട്ടത്തിൽ |
| | ജോയിസ് പി. നിബു | - | ആഞ്ഞിലിമൂട്ടിൽ |
| | അന്നമ്മ ഉമ്മൻ | - | ഈട്ടിക്കൽ |
| 14. | റോബി വർക്കി ജോസ് | - | പടിഞ്ഞാറെക്കൂറ്റ് |
| | ബ്യൂളമേരി ഏബ്രഹാം | - | മൈലയ്ക്കൽ |
| | രേണു എൽസാ വർക്കി | - | തൈപ്പറമ്പിൽ |
| | ദിയ ആൻ ജോൺ | - | ആഞ്ഞിലിമൂട്ടിൽ |
| 16. | മാത്യു വർഗ്ഗീസ് | - | വടക്കേ മുണ്ടയ്ക്കൽ തെക്കേതിൽ |
| | ജോൺസൺ ഫിലിപ്പ് | - | തൈപ്പറമ്പിൽ |
| | ജോൺ, ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| 17. | വിനി മാത്യു | - | തുണ്ടിയിൽ വടക്കേതിൽ |
| | എലിസബത്ത് എ. മാത്യു | - | മൈലയ്ക്കൽ |
| 18. | വർഗ്ഗീസ് ഈപ്പൻ | - | പീസ് കോട്ടേജ് |
| | രൂത്ത് മോളി ബഞ്ചമിൻ | - | തുണ്ടിയിൽ |
| | രൂബേൻ ജോർജ്ജ് ബഞ്ചമിൻ | - | തുണ്ടിയിൽ |
| | ക്രിസ്റ്റി സഖറിയാ ജോ | - | തുണ്ടിയിൽ |
| 22. | സജി പുന്നൂസ് | - | മംഗലത്ത് |
| | സുനിൽ ജോൺ ജോയി | - | തറിക്കുന്നിൽ |
| | ബീന അനിൽ വർഗ്ഗീസ് | - | പാറയിൽ പറമ്പത്ത് |
| | മറിയാമ്മ ചാക്കോ | - | ചാത്തനാട്ട് |
| | എയിഞ്ചല സാറാ ഏബ്രഹാം | - | കാരിമൂട്ടിൽ |
| | ലിയോണ മേരി കുര്യൻ | - | ആഞ്ഞിലിമൂട്ടിൽ |
| 23. | എയ്ഞ്ചലിൻ ആൻ അനിൽ | - | പാറയിൽ പറമ്പത്ത് |
| 24. | ലീന ആൻ ചെറിയാൻ | - | മൈലയ്ക്കൽ |
| 25. | ഉമ്മൻ തോമസ് | - | ഈട്ടിക്കൽ തകിടിയിൽ |
| | രെഞ്ചു മാത്യു | - | ചേച്ചാകുന്നിൽ |
| | കുരുവിള രോഹിത് | - | തൈപ്പറമ്പിൽ |
| | സുനിൽ ഐസക് | - | പാറടിയിൽ |
| | രൂബൻ സി. ജോൺ | - | ഇലഞ്ഞിമൂട്ടിൽ |
| 26. | അനീറ്റ സൂസൻ ജോൺസൺ | - | പാറയിൽ |
| | വർഗ്ഗീസ് ചെറിയാൻ | - | പാറയിൽ അക്കരപ്പറമ്പിൽ |
| 27. | കെ. സജി ഏബ്രഹാം | - | രെഹബോത്ത് കുളങ്ങര |
| | ക്രിസ്റ്റീൻ ജോ കുര്യൻ | - | കാഞ്ഞിരത്തിങ്കൽ |
| 28. | ജോർജ്ജ് പി. ജോൺ | - | പൗവ്വത്തിലാത്ത് |
| | ഫേബ സോം ജോസഫ് | - | നെല്ലിമൂട്ടിൽ |

# വിവാഹ വാർഷിക സ്തോത്രം

## ജനുവരി - ഫെബ്രുവരി

*We wish the following many years of happy married life*

**ജനുവരി**

| | | | |
|---|---|---|---|
| 3 | ജോജോ സക്കറിയ & ബിൻസി | - | തുണ്ടിയിൽ |
| | ജോർജ്ജ് ജോൺ & ബീന | - | കാലാപ്പറമ്പിൽ |
| | കുര്യൻ ചെറിയാൻ & ഷീബ | - | മുണ്ടയ്ക്കമലയിൽ |
| | സിജി കുരുവിള ജോർജ്ജ് & റ്റീന | - | കൊച്ചുതുണ്ടിയിൽ |
| 5 | ഷാജി ജോർജ്ജ് & ഷേബ | - | മുല്ലപ്പള്ളിൽ |
| 6 | ഏബ്രഹാം വർഗ്ഗീസ് & ശോശാമ്മ | - | മഠത്തിൽ |
| 7 | വർഗ്ഗീസ് കുര്യൻ & സാലി | - | മുണ്ടയ്ക്കൽ മലയിൽ |
| | കോശി വർഗ്ഗീസ് & കൊച്ചുമോൾ | - | തറിക്കുന്നിൽ |
| 8 | വർഗ്ഗീസ് തോമസ് & മറിയാമ്മ | - | കൊച്ചുമണ്ണിൽ |
| 10 | ഐപ്പ് കെ. ചാണ്ടി & ഡാർലി | - | കുളങ്ങര ബഥേൽ |
| 11 | ജോർജ്ജ് പി. ജോൺ & എലിസബത്ത് | - | പൗവ്വത്തിലാത്ത് |
| 13 | ജോൺ കോശി & മോളി | - | തുരുത്തുമലതകിടിയിൽ |
| 14 | ഇ.വി. ജേക്കബ് & ജോളി | - | ഈട്ടിക്കൽ |
| | ഇ.വി. ജോർജ്ജ് & സാറാമ്മ | - | ഈട്ടിക്കൽ |
| | വർഗ്ഗീസ് ചെറിയാൻ & മേരി | - | പാറയിൽ അക്കരെപ്പറമ്പിൽ |
| 15 | വി.എം. സക്കറിയ & ഏലിയാമ്മ | - | വടശ്ശേരിൽ |
| | ഏബ്രഹാം മാത്യു & ലതാ എലിസബത്ത് | - | കാരിമൂട്ടിൽ |
| | വിജയൻ & ലത | - | താഴികയിൽ |
| | കെ.കെ.ജോർജ്ജ് & സൂസമ്മ | - | കൊച്ചുതുണ്ടിയിൽ |
| 16 | ബിജി മാത്യൂസ് & ലാലി | - | തൊട്ടിപ്പാറയ്ക്കൽ |
| 17 | Mrs. & Mr. റ്റി.റ്റി. വർഗ്ഗീസ് | - | ഈട്ടിക്കൽ തകിടിയിൽ |
| 18 | ഏബ്രഹാം ജോസഫ് & നിഷ | - | നെല്ലിമൂട്ടിൽ |
| 19 | കുരുവിള മാത്യു & സുജ ജോൺ | - | മുണ്ടയ്ക്കമണ്ണിൽ |
| 21 | മോനച്ചൻ ജേക്കബ് & ലീന അനു | - | മുണ്ടയ്ക്കൽ കോക്കോത്ത് |
| 22 | മാത്യു കുര്യൻ & ജൂലി മാത്യു | - | പാമല പുത്തൻവീട് |
| 23 | യോഹന്നാൻ കുര്യൻ & അന്നമ്മ | - | കാഞ്ഞിരത്തിങ്കൽ |
| | കോശി കെ. വർഗ്ഗീസ് & ജെസ്സി | - | വടക്കേമുണ്ടയ്ക്കൽ |
| | Mrs. & Mr. വർഗ്ഗീസ് കുര്യൻ | - | കാഞ്ഞിരത്തിങ്കൽ |
| 26 | വിമൽ മാത്യു ഗീവർഗ്ഗീസ് & ലിജി മേരി | - | പാണംകുളത്ത് |

| | | | |
|---|---|---|---|
| | ഏബ്രഹാം വർഗ്ഗീസ് & ഷേർളി | - | താഴികയിൽ |
| 28 | Mrs. & Mr. വർഗ്ഗീസ് | - | തറികുന്നിൽ |
| 29 | സ്വാമിദാസ് & ശോഭന | - | പൂമാത്തിവിള പുത്തൻവിള |
| 30 | Dr. Mrs. & Dr. മാത്യു ജോൺ | - | വല്ലേട്ട് |
| | Mrs. & Mr. വർഗ്ഗീസ് പി. ഹാനോക്ക് | - | പടിഞ്ഞാറെക്കൂറ്റ് |

## ഫെബ്രുവരി

| | | | |
|---|---|---|---|
| 4 | Mrs. & Mr. ജോൺ വർഗ്ഗീസ് | - | പാലയ്ക്കൽ |
| | എബി വർഗ്ഗീസ് & നോബി | - | മുണ്ടയ്ക്കമലയിൽ |
| 6 | ബിജു ജോൺ കുര്യൻ & ബിബി | - | മുണ്ടയ്ക്കൽ മലയിൽ |
| | ഈപ്പൻ കെ. ചെറിയാൻ & ശോശാമ്മ | - | കട്ടത്തറ |
| | കെ.കെ ഏബ്രഹാം & മറിയാമ്മ | - | രഹബോത്ത് കുളങ്ങര |
| 7 | കെ.ജെ. സാമുവേൽ & ലൈല | - | കാവുമണ്ണിൽ |
| 8 | വർഗ്ഗീസ് ജോൺ & ശോശാമ്മ | - | കോടംപള്ളിൽ എബനേസർവില്ല |
| 11 | Mrs. & Mr. ബാബുക്കുട്ടി മാത്യു | - | ഒറ്റപ്ലാമൂട്ടിൽ |
| | സി. ചാണ്ടി & പൊന്നമ്മ ചാണ്ടി | - | തൊട്ടിപ്പാറയ്ക്കൽ |
| | ഏബ്രഹാം റ്റി. മാത്യു & ജീന സൂസൻ | - | തൈപ്പറമ്പിൽ |
| 12 | പി.സി. അലക്സാണ്ടർ & അന്നമ്മ | - | പാമല പുത്തൻവീട്ടിൽ |
| 14 | ഇ.വി. ചെറിയാൻ & മോളി | - | ഈട്ടിക്കൽ |
| 15 | കെ.എ. ജോൺ & അന്നമ്മ ജോൺ | - | കാലാപ്പറമ്പിൽ |
| | സാം വി. ജേക്കബ് & സ്മിത | - | തൈപ്പറമ്പിൽ |
| 18 | അനിൽ വർഗ്ഗീസ് & ബീന അനിൽ | - | പാറയിൽ പറമ്പത്ത് |
| 19 | ജോൺസി ജേക്കബ് & എൽസി | - | കച്ചിറ |
| 20 | രാജീവ് മോൻസി വർക്കി & ലിൻസി | - | ഈട്ടിക്കൽ |
| | കെ. ജോസഫ് തോമസ് & എൽസി | - | വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| | വർഗ്ഗീസ് തോമസ് & സിസി | - | കൊച്ചുതുണ്ടിയിൽ |
| 22 | റ്റി.ജെ. ജോൺ & ഷേർലി ജോൺ | - | തുരുത്തുമല തകിടിയിൽ |
| | പി.വി. തങ്കച്ചൻ & മേരിക്കുട്ടി | - | പടിഞ്ഞാറെക്കുറ്റ് |
| | സി.റ്റി. തോമസ് & മേരി തോമസ് | - | ചേച്ചാകുന്നിൽ |
| | റ്റോം ജോൺസൺ & മിനി | - | പാറയിൽ |
| 23 | അനീഷ് വി. ജോർജ്ജ് & പ്രീത | - | അമ്പാട്ടുകുന്നേൽ |
| | Mrs. & Mr. അനീഷ് സി. മാത്യു | - | തൊട്ടിപ്പാറയ്ക്കൽ |
| 24 | ജേക്കബ് ജോൺ & കല | - | തൈപ്പറമ്പിൽ |
| 26 | കെ.ജെ. വർഗ്ഗീസ് & അന്നമ്മ | - | കോട്ടയ്ക്കപ്പറമ്പിൽ |
| 28 | ചാണ്ടി എൻ. ജോർജ്ജ് & ഉഷ | - | നെല്ലിമൂട്ടിൽ |
| | ഈപ്പൻ ചാണ്ടി & ബിൻസി | - | ഇലവിനാകുഴിയിൽ |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് - ഒക്ടോബർ 2016

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | 29710 | 90 | ലോക്കൽ അലവൻസ് | 1500 | 00 |
| ബാങ്ക് എസ്.ബി.ഐ. | 19304 | 96 | വാഹന അലവൻസ് | 3000 | 00 |
| സഹകരണബാങ്ക് | 670385 | 19 | കപ്യാർ ശമ്പളം | 6100 | 00 |
| എൻഡോവ്മെന്റ് എഫ്.ഡി. | 2486710 | 00 | ഡി.എ. | 2440 | 00 |
| എൻഡോവ്മെന്റ് പലിശ | 399898 | 50 | പി.എഫ് | 610 | 00 |
| മാസവരി | 1800 | 00 | പെട്രോൾ അലവൻസ് | 900 | 00 |
| ഞായർ പിരിവ് | 31512 | 00 | ടെലിഫോൺ | 747 | 00 |
| പിടിയരി | 4885 | 00 | കറന്റ് ചാർജ്ജ് | 2513 | 00 |
| ദാനം/സ്തോത്രം | 2250 | 00 | പോസ്റ്റേജ്/അച്ചടി | 444 | 00 |
| വിവാഹവാർഷികം | 2350 | 00 | ലേബർ ചാർജ്ജ് | 1000 | 00 |
| പിറന്നാൾ സ്തോത്രം | 12230 | 00 | ക്യൂറേറ്റ് അലവൻസ് | 6000 | 00 |
| ആദ്യഫലം | 170 | 00 | പലവക ചെലവുകൾ | 4290 | 00 |
| വിവാഹസംഭാവന | 5000 | 00 | ഗായകസംഘം | 360 | 00 |
| പുരയിടം വക | 750 | 00 | കേന്ദ്ര വിഹിതം | 32470 | 00 |
| പ്രത്യേക മുതൽ സംഭാവന | 2050 | 00 | ചികിത്സാസഹായം | 3000 | 00 |
| പ്രത്യേക കവർ പിരിവുകൾ | 15925 | 00 | ഡിസ്ട്രക്റ്റ് കൗൺസിൽ ഗ്രാന്റ് | 4000 | 00 |
| മിഷനറി പ്രവർത്തനങ്ങൾ | | | റ്റി.എ. | 2000 | 00 |
| ഒറീസ്സാ മിഷൻ | 50 | 00 | എൻഡോവ്മെന്റ് പലിശയിൽ നിന്ന് | 20000 | 00 |
| തേക്കുമട്ടല | 150 | 00 | നിർമ്മാണ പ്രവർത്തനങ്ങൾ | 13715 | 00 |
| ചർക്കാരി | 150 | 00 | കരം | 1280 | 00 |
| എഫ്. എം. പി. ബി | 150 | 00 | ചാരിറ്റി | 55000 | 00 |
| പറക്കാൽ | 50 | 00 | | | |
| ട്രൈബൽ മിഷൻ | 50 | 00 | | | |
| മിഷൻസ് ഇന്ത്യ | 50 | 00 | | | |
| എൻ.എം.എസ് | 50 | 00 | | | |
| മൈസൂർ മിഷൻ | 150 | 00 | | | |
| ഐ.ഇ.എം. | 50 | 00 | | | |
| ഇടവക ദൂതൻ | 5500 | 00 | | | |
| കൺവൻഷൻ/ഓണവാരം | 6343 | 00 | | | |
| എസ് ബി പലിശ | 586 | 00 | | | |
| പലവക / മറ്റിനം | 2500 | 00 | | | |
| ദശാംശ സ്തോത്രം | 23250 | 00 | | | |
| ചികിത്സാ സഹായം | 1000 | 00 | | | |
| ചാരിറ്റി/ഔദാര്യദാനം | 42000 | 00 | | | |
| ലോൺ തിരിച്ചടവ് | 1000 | 00 | | | |
| ആകെ വരവ് | 3945321 | 55 | ആകെ ചെലവ് | 161369 | 00 |

| | |
|---|---|
| ആകെ വരവ് | 3945321.55 |
| ആകെ ചെലവ് | 161369.00 |
| മിച്ചം | 3783952.55 |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് - നവംബർ 2016

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | 47323 | 90 | ലോക്കൽ അലവൻസ് | 1500 | 00 |
| ബാങ്ക് എസ്.ബി.ഐ. | 19304 | 96 | വാഹന അലവൻസ് | 3000 | 00 |
| സഹകരണബാങ്ക് | 660715 | 19 | കപ്യാർ ശമ്പളം | 6100 | 00 |
| എൻഡോവ്മെന്റ് എഫ്.ഡി. | 2686710 | 00 | ഡി.എ. | 2440 | 00 |
| എൻഡോവ്മെന്റ് പലിശ | 369898 | 50 | പി.എഫ് | 610 | 00 |
| മാസവരി | 1700 | 00 | പെട്രോൾ അലവൻസ് | 900 | 00 |
| ഞായർ പിരിവ് | 16820 | 00 | വിശുദ്ധ സംസർഗ്ഗം | 300 | 00 |
| പിടിയരി | 2753 | 00 | ടെലിഫോൺ | 850 | 00 |
| ദാനം/സ്തോത്രം | 2500 | 00 | കറന്റ് ചാർജ്ജ് | 2956 | 00 |
| വിവാഹവാർഷികം | 1150 | 00 | മെയിന്റനൻസ് ചർച്ച് | 1962 | 00 |
| പിറന്നാൾ സ്തോത്രം | 9550 | 00 | കമ്മറ്റി/കൗൺസിൽ | 550 | 00 |
| ആദ്യഫലം | 580 | 00 | പോസ്റ്റേജ്/അച്ചടി | 3030 | 00 |
| പ്രത്യേകമുതൽസംഭാവന | 21710 | 00 | ലേബർ ചാർജ് | 2400 | 00 |
| പ്രത്യേകകവർപിരിവുകൾ | 6530 | 00 | ക്യൂറേറ്റ് അലവൻസ് | 6000 | 00 |
| മിഷനറി പ്രവർത്തനങ്ങൾ | | | പലവക ചെലവുകൾ | 21920 | 00 |
| ചർക്കാരി | 500 | 00 | ഗായകസംഘം | 2070 | 00 |
| എഫ്. എം. പി.ബി. | 700 | 00 | ഇടവകദൂതൻ | 5500 | 00 |
| ട്രൈബൽ മിഷൻ | 500 | 00 | കേന്ദ്ര വിഹിതം | 41658 | 00 |
| തോട്ടപ്രദേശമിഷൻ | 300 | 00 | കൺവൻഷൻ / ഓണവാരം | 9511 | 00 |
| ഇടവകദൂതൻ | 5500 | 00 | പഴ്സനേജ് കേടുപോക്ക് | 2812 | 00 |
| കൺവൻഷൻ/ഓണവാരം | 6343 | 00 | എൻഡോവ്മെന്റ് പലിശയിൽനിന്നും | 9000 | 00 |
| എസ് ബി പലിശ | 586 | 00 | ജില്ലാ കൺവൻഷൻ | 10000 | 00 |
| പലവക / മറ്റിനം | 2500 | 00 | നിർമ്മാണപ്രവർത്തനങ്ങൾ | 1700 | 00 |
| ദശാംശ സ്തോത്രം | 23250 | 00 | മെഡിക്കൽ ബില്ല് | 3553 | 00 |
| ചാരിറ്റി/ഔദാര്യദാനം | 42000 | 00 | | | |
| ലോൺ തിരിച്ചടവ് | 1000 | 00 | | | |
| ആകെ വരവ് | 3931424. | 55 | ആകെ | 146323 | 00 |

| | |
|---|---|
| ആകെ വരവ് | 3931424.55 |
| ആകെ ചെലവ് | 146322.00 |
| മിച്ചം | 3785102.55 |

# സഭാപഞ്ചാംഗം

ജനുവരി

| | | | |
|---|---|---|---|
| 08-01-2017 | **മഹത്വപ്രകാശത്തിന് പിമ്പ് ഒന്നാം ഞായർ.** | | |
| | **ശരീരമെന്ന ദൈവാലയത്തിന്റെ ശ്രേഷ്ഠത** | | |
| | സ.പ്ര. 6:1-12 | 1 കൊരി. 3:16-23 | |
| | സങ്കീ. 1 | മത്താ. 5:21-30 | |
| 15-01-2017 | **മഹത്വപ്രകാശത്തിന് പിമ്പ് രണ്ടാം ഞായർ** | | |
| | **ഐക്യത്തിലേക്ക് വിളിക്കപ്പെട്ടവർ** | | |
| | യെഹ. 37:15-23 | എഫേ. 4:1-6 | |
| | സങ്കീ. 133 | യോഹ. 15:1-12 | |
| 22-01-2017 | **മഹത്വപ്രകാശത്തിന് പിമ്പ് മൂന്നാം ഞായർ** | | |
| | **സഭാ ഐക്യ ഞായർ** | | |
| | **വിശ്വാസത്തിലും പ്രവൃത്തിയിലും ഐക്യത** | | |
| | യോശു. 3:9-17 | അ.പ്ര. 9:20-25 | |
| | സങ്കീ. 53 | മർക്കൊ. 1:21-34 | |
| 29-01-2017 | **മഹത്വപ്രകാശത്തിന് പിമ്പ് നാലാം ഞായർ** | | |
| | **ശുദ്ധഭക്തി** | | |
| | മീഖ. 6: 1-8 | സങ്കീ. 42 | |
| | യാക്കോ. 1:19-27 | മത്താ. 6:1-8 | |
| 05-02-2017 | **കുടുംബ ഞായർ** | | |
| | **കുടുംബം ദൈവികദാനം** | | |
| | യോശു. 24:14-22 | എഫെ. 3:14-21 | |
| | സങ്കീ. 128 | മർക്കൊ. 3:31-35 | |
| 12-02-2017 | **ഉയിർപ്പിന് മുമ്പ് ഒൻപതാം ഞായർ** | | |
| | **ശബത്ത് : സൃഷ്ടിയുടെ പൂർണ്ണത** | | |
| | യെശ. 65:17-25 | എബ്രാ. 4:2-13 | |
| | സങ്കീ. 8 | മർക്കൊ. 2:23-28 | |

| | | |
|---|---|---|
| 19-02-2017 | **ഉയിർപ്പിന് മുമ്പ് എട്ടാം ഞായർ** | |
| | **വീഴ്ച - സൃഷ്ടിയുടെ ലക്ഷ്യത്തിന്റെ ലംഘനം** | |
| | ഉല്പ. 6:1-13 | റോമ. 7:4-25 |
| | സങ്കീ. 32 | മത്താ. 7:15-23 |
| 26-02-2017 | **ഉയിർപ്പിന് മുമ്പ് ഏഴാം ഞായർ** | |
| | **നോമ്പ്: രൂപാന്തരീകരണകാലം** | |
| | യെശ. 44:21-28 | റോമ. 11:13-24 |
| | സങ്കീ. 6 | യോഹ. 2:1-11 |
| 01-03-2017 | **ചാമ്പൽ ബുധൻ** | |
| | **കുരിശ് : അനുതാപത്തിനുള്ള ആഹ്വാനം** | |
| | യെശ. 1:16-20 | 2 കൊരി. 7:8-16 |
| | സങ്കീ. 51 | മർക്കൊ. 1:12-15 |
| 05-03-2017 | **നോമ്പിൻ ഒന്നാം ഞായർ** | |
| | **സ്ത്രീജന ഞായർ** | |
| | സ്ത്രീകൾ - ക്രിസ്തീയ ശുശ്രൂഷകൾക്കായി അഭിഷിക്തർ | |
| | യോവേ. 2:28-32 | റോമ. 16:1-13 |
| | സങ്കീ. 45 | ലൂക്കോ. 10:38-42 |

## കൂട്ടായ്മ യോഗം ജനുവരി - ഫെബ്രുവരി 2017

| | |
|---|---|
| 18.01.2017 | - ഷാജി ജോർജ്ജ്, മുല്ലപ്പള്ളിൽ |
| 25.01.2017 | - മറിയാമ്മ യോഹന്നാൻ, പൊരിവട്ടായിൽ |
| 01.02.2017 | - കെ.കെ.ഏബ്രഹാം, കുളങ്ങരരഹബോത്ത് |
| 08.02.2017 | - അന്നമ്മ ജേക്കബ്, നെല്ലിമൂട്ടിൽ |
| 15.02.2017 | - ഇ.വി.ചെറിയാൻ, ഈട്ടിയ്ക്കൽ |
| 22.02.2017 | - എം.പി.ഫിലിപ്പ്, മംഗലത്ത് |
| 01.03.2017 | - ചാമ്പൽ ബുധൻ : ആരാധന പള്ളിയിൽ |

*In loving memory of our Papa*



**ABRAHAM ABRAHAM**

Elanjimoottil

(1949 - 2015)

DIED ON : 07.02.2015

Your life was a blessing, your memory a treasure,
you are loved beyond words and missed beyond measure.

**Beloved family**

*In loving memory of our Papa*



**RAJU KURIAN**

Anjilimoottil

Mundiappally

Died on : 09.01.2012

*Inserted by*

**Wife, Children & Family**